# താമരമൊട്ടുകൾ

വാല്യം 27 | ജനുവരി 2025 | ലക്കം 01 | Price ₹20



## താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## January 2025

| | | |
|---|---|---|
| 01 | 09.15 | Chembukadavu |
| | 12.00 | Kannoth |
| 02 | 09.15 | Anackampoyil |
| | 12.00 | Puthuppady |
| | 18.00 | Kakkadampoyil |
| | 20.00 | Pullanjimedu |
| 03 | 10.30 | Thrissur |
| | 18.30 | Amalapuri |
| 04 | 09.15 | Mailellampara |
| | 11.45 | Pullurampara |
| | 17.00 | Chelavur |
| 05 | 07.00 | Paloorkotta |
| | 15.30 | Malappuram |
| | 19.00 | Thamarassery |
| 06 | 09.30 | Puthuppady |
| 06 - 11 | | Kakkanad |
| 12 | 07.00 | Vettilappara |
| | 10.00 | Kattangal |
| | 12.30 | Kunnamangalam |
| 15 | 16.30 | Pullurampara |
| 16 | 14.30 | Poovaramthode |
| 17 | 06.00 | Koodaranji |
| | 17.00 | Kattippara |
| 18 | | Palai |
| 19 | 10.00 | Nilambur |
| | 17.00 | Kunnmangalam |
| 20 | 09.15 | Puthuppadi |
| | 11.45 | Kodanchery |
| | 18.00 | Kattangal |
| 21 | 17.00 | Koodaranji |
| 22 | 16.30 | Pushpagiri |
| 23 | 07.00 | Thiruvambady |
| | 10.30 | Thamarassery |
| | 16.00 | Kallanode |
| 24 | 06.30 | Pullanjimedu |
| | 10.00 | Thamarassery |
| | 17.00 | Kozhikode |
| 25 | 10.30 | Thamarassery |
| | 12.00 | Koodarchundu |
| | 14.30 | Devagiri |
| | 18.00 | Ashokapuram |
| 26 | 07.00 | Devagiri |
| | 16.30 | Chevayur |
| 27 - 30 | | Kunnoth |
| 31 | 17.30 | Manjeri |

വാല്യം 27 താമരമൊട്ടുകൾ ജനുവരി 2025 ലക്കം 01

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



'കുടുംബത്തിൽ വെളിച്ചം നിലനിർത്താൻ
സഹായിക്കുന്ന സിദ്ധൗഷധമാണ്
വി. കുർബാന'

(ചാവറുൾ)

# പുതിയ പ്രൊവിൻഷ്യൽ ടീമുകൾക്ക്
# താമരശ്ശേരി രൂപതയുടെ
# അഭിനന്ദനങ്ങൾ... പ്രാർത്ഥനകൾ...



SABS, Vimala Matha Provincial Team



CMC, St. Mary's Provincial Team

പുതിയ പ്രൊവിൻഷ്യൽ ടീമിന്
താമരശ്ശേരി രൂപതയുടെ
അഭിനന്ദനങ്ങൾ... പ്രാർത്ഥനകൾ...



SH, Santhome Provincial Team

Newly professed Sisters of
MSMI Mary Matha Province, Kozhikode



Sr. Jancy Rosa Joseph MSMI



Sr. Megha Shaji MSMI

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 04 |
| 2. | പ്രോഗ്രാം ജനുവരി 2025 | 09 |
| 3. | 58-ാമത് ലോകസമാധാനദിന സന്ദേശം | 10 |
| 4. | സർക്കുലർ 14/2024 | 19 |
| 5. | സർക്കുലർ 15/2024 | 22 |
| 6. | കച്ചേരിക്കാര്യം | 25 |
| 7. | ഫാ. എഫ്രേം പൊട്ടനാനിക്കൽ ഒരോർമ്മ... | 29 |
| 8. | വിശ്വാസപരിശീലനം | 31 |
| 9. | മദ്ബഹ ശുശ്രൂഷ സംഘം | 36 |
| 10. | സെമിനാരി വാർത്തകൾ | 37 |
| 11. | ചെറുപുഷ്പ മിഷൻലീഗ് | 40 |
| 12. | തിരുബാലസഖ്യം | 42 |
| 13. | സ്റ്റാർട്ട് | 43 |
| 14. | എയ്ഡർ എഡ്യൂകെയർ | 45 |
| 15. | കരുണാഭവൻ | 46 |
| 16. | മദ്യവിരുദ്ധ സമിതി | 46 |
| 17. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 48 |
| 18. | ഇൻഫാം | 49 |
| 19. | കമ്മ്യൂണിക്കേഷൻ മീഡിയ | 50 |
| 20. | കരിസ്മാറ്റിക് മൂവ്മെന്റ് | 51 |
| 21. | ബഥാനിയ ധ്യാനകേന്ദ്രം | 53 |
| 22. | ലീഡർഷിപ്പ് ഡെവലപ്മെന്റ് സൊസൈറ്റി | 55 |
| 23. | വികസനവേദി | 58 |
| 24. | യേശുനിധി | 60 |
| 25. | അജപാലക്കുറിപ്പുകൾ | 61 |

# BIRTH DAY Greetings

Rev. Fathers

| | | |
|---|---|---|
| Alunkal Augustine | January | 1 |
| Karikunnel Antony | ,, | 4 |
| Kulathinkal Mathew | ,, | 6 |
| Purayidathil Sebastian | ,, | 8 |
| Pattasseril Sebastian | ,, | 10 |
| Poothakuzhy Joseph | ,, | 10 |
| Pullolickal Mathew | ,, | 12 |
| Keelath Joseph | ,, | 13 |
| Kaviyil Francis | ,, | 15 |
| Kollamparambil Mathew | ,, | 18 |
| Naduvathettu Francis | ,, | 19 |
| Mukala Kuriakose | ,, | 20 |
| Moolayil John | ,, | 22 |
| Pootharmannil Peter | ,, | 30 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Kochukaipayil Kuriakose | January | 3 |
| Mukala Kuriakose | ,, | 3 |
| Palakeel Kuriakose | ,, | 3 |
| Puthenveettil Kuriakose | ,, | 3 |
| Cheeramattathil Sebastian | ,, | 20 |
| Embrayil (Sr.) Sebastian | ,, | 20 |
| Embrayil (Jr.) Sebastian | ,, | 20 |
| Chembukandathil Sebastian | ,, | 20 |
| Karackattu Sebastian | ,, | 20 |
| Karackal Sebastian | ,, | 20 |
| Kavalakkattu Sebastian | ,, | 20 |
| Mattappallil Sebastian | ,, | 20 |
| Muringayil Sebastian | ,, | 20 |
| Panamattamparambil Sebastian | ,, | 20 |
| Parathottathil Sebastian | ,, | 20 |
| Pattasseril Sebastian | ,, | 20 |
| Pulickal Sebastian | ,, | 20 |
| Purayidathil Sebastian | ,, | 20 |
| Puthiyaparambil Sebastian | ,, | 20 |
| Vadakkel Sebastian | ,, | 20 |

**Mar Remigiose Inchananiyil**

# പ്രോഗ്രാം ജനുവരി 2025

| | | |
|---|---|---|
| 01 | ബുധൻ | വർഷാരംഭം, കർത്താവിന്റെ നാമകരണത്തിരുനാൾ |
| 03 | വെള്ളി | വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ |
| 06 | തിങ്കൾ | ദനഹാത്തിരുനാൾ |
| 13 | തിങ്കൾ | വി. യോഹന്നാൻ മാംദാന |
| 14 | ചൊവ്വ | വി. ദേവസഹായം |
| 20 | തിങ്കൾ | വി. പത്രോസ് - വി. പൗലോസ് ശ്ലീഹന്മാർ,<br>വി. സെബസ്ത്യാനോസിന്റെ തിരുനാൾ<br>ജൂനിയർ ക്ലർജി സെമിനാർ |
| 21 | ചൊവ്വ | **ചരമദിനം: ഫാ. ജോസഫ് മൈലാടൂർ (2016)** |
| 22 | ബുധൻ | മൂന്ന് നോമ്പ് ആരംഭം |
| 24 | വെള്ളി | വി. ഫ്രാൻസിസ് ദി സാലസ് |
| 26 | ഞായർ | വിശുദ്ധ സുവിശേഷകന്മാർ,<br>വി. തിമോത്തേയോസും വി. തീത്തോസും,<br>ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| 27 | തിങ്കൾ | വി. തോമസ് അകിനാസ് |
| 31 | വെള്ളി | വി. ജോൺ ബോസ്കോ |

# 58-ാമത് ലോകസമാധാനദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം - (ജനുവരി 1, 2025)

**"ഞങ്ങളുടെ തെറ്റുകൾ ക്ഷമിക്കണമേ; നിന്റെ സമാധാനം ഞങ്ങൾക്കു നൽകണമേ."**

## I. അപകടസ്ഥിതിയിൽ ആയിരിക്കുന്ന മനുഷ്യരാശിയുടെ രോദനം ശ്രവിക്കുന്നത്

1. ജൂബിലിയുടേതായ പ്രത്യാശയുടെ ചൈതന്യത്തിൽ സ്വർഗീയ പിതാവ് നമുക്ക് നൽകിയിരിക്കുന്ന ഈ പുതിയ വർഷത്തിന്റെ പിറവി യിൽ ഞാൻ ഓരോ സ്ത്രീക്കും പുരുഷനും എന്റെ ഹൃദയം നിറഞ്ഞ സമാധാനത്തിന്റെ ആശംസകൾ നേരുന്നു. മർദ്ദിതർ എന്നു സ്വയം തോന്നുന്നവരെയും പഴയ പാപങ്ങളാൽ ഭാരപ്പെടുന്നവരെയും മറ്റുള്ള വരുടെ വിധിയാൽ പീഡിപ്പിക്കപ്പെടുന്നവരുടെയും അങ്ങനെ തങ്ങളുടെ ജീവിതങ്ങളിൽ പ്രത്യാശയുടെ ഒരംശംപോലും കാണാൻ കഴിയാത്തവരെയും ഞാൻ ഓർക്കുന്നു. എല്ലാവരുടെയും മേൽ ഞാൻ പ്രത്യാശയും സമാധാനവും വിളിച്ചപേക്ഷിക്കുന്നു; എന്തെന്നാൽ, ഇത് രക്ഷകന്റെ ഹൃദയത്തിൽനിന്നു വരുന്ന കൃപയുടെ വർഷമാണ്.

2. ഈ വർഷം മുഴുവൻ കത്തോലിക്കാസഭ ജൂബിലി ആഘോഷി ക്കുകയാണ്-എല്ലാവരുടെയും ഹൃദയങ്ങൾ പ്രത്യാശയാൽ നിറയുന്ന സംരംഭം. ''ജൂബിലി'' എന്നത് ഒരു പുരാതന യഹൂദ ആചാരം അനുസ്മരിപ്പിക്കുന്നു. മുട്ടനാടിന്റെ കൊമ്പ് (ram's horn = ഹീബ്രുവിൽ, "യോവേൽ") ഊതിക്കൊണ്ട് 49-ാം വർഷത്തിനു ശേഷമുള്ള ഒരു വർഷം ജനത്തിനു മുഴുവൻ മാപ്പിന്റെയും സ്വാതന്ത്ര്യത്തിന്റെയും വർഷമായി പ്രഖ്യാപിക്കുകയായിരുന്നു പതിവ് (ലേവ്യ 25:10 കാണുക). ഈ മഹത്തായ പ്രഖ്യാപനം ദേശം മുഴുവൻ മുഴങ്ങികേൾ ക്കേണ്ടതായിരുന്നു (ലേവ്യ 25:9 കാണുക); അതുവഴിയായി ദൈവ ത്തിന്റെ നീതി ജീവിതത്തിന്റെ എല്ലാ തുറകളിലും പുനഃപ്രതിഷ്ഠി ക്കേണ്ടിയിരുന്നു: ഭൂമിയുടെ ഉപയോഗത്തിൽ, വസ്തുവകകൾ സ്വന്തമായിരിക്കുന്നതിന്റെ കാര്യത്തിൽ, മറ്റുള്ളവരുമായുള്ള ബന്ധങ്ങളിൽ, ഏറെ പ്രത്യേകിച്ച് ദരിദ്രരും അവകാശങ്ങൾ നഷ്ടപ്പെ ട്ടവരുമായുള്ള ബന്ധങ്ങളിൽ. മുട്ടനാടിന്റെ കൊമ്പ് ഊതിയത് ധനി കരും ദരിദ്രരും ഉൾപ്പെടെയുള്ള മുഴുവൻ ജനത്തെയും മറ്റൊരു കാര്യംകൂടി ഓർമിപ്പിച്ചു. അതായത്, ഒരാൾപോലും ഈ ലോകത്തിലേക്ക്

അടിച്ചമർത്തപ്പെടാനായി വരുന്നില്ല എന്നത്: നാമെല്ലാവരും സഹോദരീ സഹോദരന്മാരാണ്, ഏക പിതാവിന്റെ പുത്രീപുത്രന്മാർ; കർത്താവിന്റെ ഹിതമനുസരിച്ച് സ്വാതന്ത്ര്യത്തിൽ ജീവിക്കാനാണ് നാം ജനിച്ചിരിക്കുന്നത് (ലേവ്യ 25:17, 25, 43, 46, 55 കാണുക).

3. നമ്മുടെ ഈ നാളുകളിലും നമ്മുടെ ഈ ലോകത്ത് ദൈവ ത്തിന്റെ വിമോചനാത്മക നീതി സ്ഥാപിക്കാനുള്ള പ്രചോദനമായി ജൂബിലി നിലകൊള്ളുന്നു. മുട്ടനാടിന്റെ കുഴൽ ഊതുന്നതിന് പകരം ഈ കൃപാവർഷത്തിന്റെ ആരംഭത്തിൽ "സഹായത്തിനായുള്ള നിരാശനിറഞ്ഞ മുറവിളിയാണ്" (1) നാം കേൾക്കാൻ ശ്രമിക്കുന്നത്. ആബേലിന്റെ രക്തത്തിൽ നിന്നെന്ന പോലെ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഉയരുന്ന ഈ രോദനം ദൈവം ഒരിക്കലും കേൾക്കാ തിരിക്കുന്നില്ല (ഉത്പ 4:10 കാണുക). നമ്മുടെ ഭാഗത്തുനിന്ന് ഭൂമിയെ ചൂഷണം ചെയ്യുകയും നമ്മുടെ അയൽക്കാരെ അടിച്ചമർത്തുകയും ചെയ്യുന്ന അനവധിയായ സാഹചര്യങ്ങൾക്കെതിരായി സ്വരമുയർത്തു കയും അവയെ അപലപിക്കുകയും ചെയ്യുക എന്നത് അനിവാര്യമാണ് (2). ഈ അനീതികൾ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ പറഞ്ഞതുപോലെ "പാപത്തിന്റെ സംവിധാനങ്ങളുടെ" (structures of sin) രൂപത്തിൽ ചിലപ്പോഴൊക്കെ പ്രത്യക്ഷപ്പെടാവുന്നതാണ് (3). അവ കുറച്ചുപേരുടെ ഭാഗത്തുനിന്നു വരുന്ന അനീതിക്കൊണ്ടു മാത്രമാകണമെന്നില്ല; സംഘാതാത്മകമായ കുറ്റത്തിന്റെ ശൃംഖലവഴി അവ ശക്തമായി യോജിപ്പിക്കപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്യുന്നതാവാം.

4. നമ്മുടെ പൊതു ഭവനമായ ഭൂമി നശിപ്പിക്കപ്പെടുന്നതിൽ നമ്മൾ ഓരോരുത്തരും ഒരുവിധത്തിൽ ഉത്തരവാദികൾ ആണെന്നുള്ള ബോധ്യം നമുക്ക് ഉണ്ടാകണം. ഭൂമി അപ്രകാരം നാശത്തിനു വിധേയ മാക്കപ്പെടുന്നത് നാം ചെയ്യുന്ന ചില പ്രവൃത്തികളിൽ ആരംഭിക്കുന്നു; നേരിട്ടല്ലെങ്കിലും ഇന്നത്തെ നമ്മുടെ മാനവകുടുംബത്തെ ബാധിച്ചി രിക്കുന്ന പല സംഘർഷങ്ങൾക്കും ആക്കംകൂട്ടാൻ ആ പ്രവൃത്തികൾ സഹായകമായിട്ടുണ്ട്. സംഘാതാത്മകമായ വെല്ലുവിളികൾ, അവ്യക്ത ങ്ങളെങ്കിലും പരസ്പരം ബന്ധിതമായിരിക്കുന്ന അവ, സൃഷ്ടിക്കപ്പെടു കയും ഒരുമിച്ചുചേർക്കപ്പെട്ട് നമ്മുടെ ലോകത്ത് വളരെ വലിയ ദുരന്തത്തിനു കാരണമാവുകയും ചെയ്യുന്നു (4). പ്രത്യേകമായി, ഞാൻ ഇവിടെ ഓർക്കുന്നത് എല്ലാത്തരത്തിലുമുള്ള അസമത്വങ്ങളാണ്: അഭയാർത്ഥികളോടു കാണിക്കുന്ന മനുഷ്യത്വമില്ലാത്ത പെരുമാറ്റം, പരിസ്ഥിതിയുടെ ജീർണിക്കൽ, ബോധപൂർവം തെറ്റായി നൽകുന്ന വിവരങ്ങൾവഴി ഉണ്ടാക്കുന്ന സംഭ്രമം, ഒരുവിധത്തിലും സംവാദ ത്തിനു തയ്യാറാകാത്ത സമീപനരീതി, യുദ്ധമെന്ന വ്യവസായത്തിനു വേണ്ടി ചെലവഴിക്കുന്ന കണക്കില്ലാത്ത വിഭവശേഷി

തുടങ്ങിയവ. ഇവയെല്ലാം ഒരുമിച്ചുചേർത്താൽ, മനുഷ്യരാശിയുടെ അസ്തിത്വത്തി നുതന്നെ അവ വലിയൊരു ഭീഷണിയായി നിലകൊള്ളുന്നു. അതിനാൽ, ഈ വർഷം ആരംഭിക്കുമ്പോൾത്തന്നെ, വേദനിക്കുന്ന മനുഷ്യ സമൂഹത്തിന്റെ നിലവിളി കേൾക്കാൻ നാം ആഗ്രഹിക്കുന്നു. അത് വ്യക്തികൾ എന്ന നിലയിലും സമൂഹമെന്ന നിലയിലും അനീതി യുടെ നുകം തച്ചുടയ്ക്കുന്നതിനും ദൈവത്തിന്റെ നീതി പ്രഖ്യാപിക്കു ന്നതിനും വേണ്ടിയുള്ള നമ്മുടെ വിളി ശ്രവിക്കുന്നതിനാണ്. ഇതിന് ഏതെങ്കിലും ചില സമയങ്ങളിൽ പെട്ടെന്നു നടത്തുന്ന മനുഷ്യ സ്നേഹപരമായ പ്രവൃത്തികൾമാത്രം പോരാ. നിലനിൽക്കുന്ന പരി വർത്തനം ഉണ്ടാകണമെങ്കിൽ അതിനു സാംസ്കാരികവും ഘടനാ പരവുമായ വ്യത്യാസങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണ് (5).

## II. ഒരു സാംസ്കാരിക പരിവർത്തനം: നമ്മളെല്ലാവരും കടക്കാരാണ്

5. ജൂബിലി ആഘോഷം നമ്മളിൽ ഏതാനും വ്യത്യാസങ്ങൾ ഉണ്ടാക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഇന്നത്തെ അനീതിയും അസമത്വവും നിറഞ്ഞ സാഹചര്യത്തെ അഭിമുഖീകരിക്കാൻ ഭൂമിയുടെ നന്മകളെല്ലാം ഭാഗ്യവാന്മാരായ കുറച്ചുപേർക്ക് മാത്രമല്ല, എല്ലാവർ ക്കുംവേണ്ടി ഉള്ളതാണ് എന്ന് ഓർമ്മ പ്പെടുത്തുന്നതാണ് അത് (6). ഇവിടെ കേസറിയായിലെ വിശുദ്ധ ബാസിലിന്റെ വചനങ്ങൾ അനുസ്മരിക്കുന്നത് ഉചിതമായിരിക്കും: "നിനക്ക് സ്വന്തമായിട്ടുള്ളത് ഏവ എന്നു നീ പറയുക. അവ നിന്റെ ജീവിതത്തിന്റെ ഭാഗമാക്കാൻ നീ എവിടെയാണ് അവ കണ്ടെത്തിയത്?... നിന്റെ അമ്മയുടെ ഉദരത്തിൽനിന്നു നീ നഗ്നനായല്ലേ പുറത്തുവന്നത്? നീ നഗ്നനാ യല്ലേ ഭൂമിയിലേക്ക് തിരികെ പോകുന്നത്? നിന്റെ വസ്തുവകകൾ എവിടെനിന്നു നിനക്കു കിട്ടി? ഭാഗ്യം കൊണ്ടാണ് അവ നിനക്കു ലഭിച്ചത് എന്ന് നീ പറഞ്ഞാൽ നീ ദൈവത്തെ നിരാകരി ക്കുകയായിരിക്കും; അങ്ങനെ നിന്നെ സൃഷ്ടിച്ചത് നീ അംഗീകരി ക്കാതിരിക്കുകയും നിനക്കു നന്മകൾ നൽകുന്നവനോടു കൃതജ്ഞത പ്രകാശിപ്പിക്കാതിരിക്കുകയും ചെയ്യും" (7). കൃതജ്ഞതാ പ്രകാശനമി ല്ലാതെ നമുക്ക് ദൈവത്തിന്റെ ദാനങ്ങൾ തിരിച്ചറിയാനാവില്ല. എന്നാലും കർത്താവ് തന്റെ അനന്തകാരുണ്യത്തിൽ പാപപങ്കിലമായ മനുഷ്യരാശിയെ ഉപേക്ഷിക്കുന്നില്ല; അതിനുപകരം അവിടന്ന് തന്റെ ജീവന്റെ ദാനം അവർക്കു നൽകുന്നു; യേശുക്രിസ്തുവഴി എല്ലാവർക്കും ലഭ്യമാക്കുന്ന രക്ഷാകരമായ പാപപ്പൊറുതിവഴിയാണ് അത് സാധ്യമാകുന്നത്. അതിനാലാണ്, "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർഥനയിൽ" ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടു ക്ഷമിക്കണമേ എന്നു പ്രാർഥിക്കാൻ യേശു നമ്മെ പഠിപ്പിച്ചത്.

6. പിതാവുമായുള്ള നമ്മുടെ ബന്ധം നഷ്ടപ്പെട്ടുകഴിഞ്ഞാൽ പിന്നീട് അന്യരുമായുള്ള നമ്മുടെ ബന്ധം ചൂഷണത്തിന്റെയും അടിച്ചമർത്തലിന്റെയും തലത്തിലേക്ക് പ്രവേശിക്കുന്ന മിഥ്യാധാരണ യാൽ നിയന്ത്രിക്കപ്പെടും; അവിടെ ശക്തി ആയിരിക്കും ശരിയായി ട്ടുള്ളത് (8). ദരിദ്രരുടെ സഹനത്തിൽനിന്നു ലാഭംകൊയ്തിരുന്ന യേശുവിന്റെ കാലത്തെ വരേണ്യ വർഗത്തെപ്പോലെ ഇന്ന് പരസ്പരം ബന്ധിതമായിരിക്കുന്ന നമ്മുടെ ആഗോളഗ്രാമത്തിൽ (9), അന്താരാഷ്ട്ര വ്യവസ്ഥിതി, അത് ഐകമത്യത്തിന്റെയും പരസ്പര ആശ്രയത്വത്തി ന്റെയും ചൈതന്യത്താൽ നയിക്കപ്പെടാതെവന്നാൽ, അഴിമതിയാൽ കലുഷിതമാക്കപ്പെടുന്ന അനീതിക്ക് ജന്മം നൽകുകയും ദരിദ്രരാഷ്ട്ര ങ്ങൾ ആ കെണിയിൽ അകപ്പെടുകയും ചെയ്യും. കടക്കാരായിരിക്കു ന്നവരെ ചൂഷണം ചെയ്യുന്ന മനഃസ്ഥിതി ഇന്നത്തെ "കടബാധ്യത പ്രതിസന്ധി" (debt crisis) എന്ന ചുരുക്കെഴുത്തുവഴി വിവരിക്കാവുന്ന താണ്; അത് ഇന്ന് കുറെയധികം രാഷ്ട്രങ്ങളുടെമേൽ, പ്രത്യേകിച്ച് ''ആഗോള ദക്ഷിണ രാജ്യങ്ങളുടെമേൽ" (global South), വലിയ ഭാരമായി നിൽക്കുന്നു.

7. വിദേശകടം ആധിപത്യം പുലർത്താനുള്ള ഒരു മാർഗമായി മാറിയിരിക്കുന്നു എന്നു ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. കാരണം, ചില ഭരണകൂടങ്ങളും സമ്പന്നരാഷ്ട്രങ്ങളിലെ സ്വകാര്യ ധനകാര്യസ്ഥാപനങ്ങളും തങ്ങളുടെ കമ്പോളങ്ങളുടെ ആവശ്യങ്ങൾ നിലനിർത്താനായി അനൈതികമായും തരാതരംനോക്കാതെയും ദരിദ്രരാഷ്ട്രങ്ങളുടെ മാനുഷിക വിഭവങ്ങളും പ്രകൃതി വിഭവങ്ങളും ചൂഷണം ചെയ്യുന്നു (10). ഇപ്പോൾത്തന്നെ അന്താരാഷ്ട്ര കടത്താൽ വലയുന്ന പല ജനതകളും വികസിത രാജ്യങ്ങൾ വരുത്തിവച്ച "പാരിസ്ഥിതിക കടത്തിന്റെ" (ecological debt) ഭാരംകൂടി ചുമക്കേ ണ്ടതായി വരുന്നു (11). വിദേശ കടവും പാരിസ്ഥിതിക കടവും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്; അതായത്, ചൂഷണത്തിന്റെ മനഃസ്ഥിതി കടത്തിന്റെ പ്രതിസന്ധിയിൽ കലാശിച്ചത് (12). ആകയാൽ, ഈ ജൂബിലി വർഷത്തിന്റെ ചൈതന്യത്തിൽ ഞാൻ അന്താരാഷ്ട്രസമൂഹത്തോട് അഭ്യർഥിക്കുന്നു: ഈ ലോകത്തിന്റെ ഉത്തരവും ദക്ഷിണവും (the North and the South) തമ്മിൽ നിലനിൽ ക്കുന്ന പാരിസ്ഥിതിക കടം അംഗീകരിച്ചുകൊണ്ട് വിദേശ കടം എഴുതി ത്തള്ളാനുള്ള മാർഗങ്ങൾ ആരായണമെന്ന്. ഇത് ഐകമത്യത്തിനുള്ള ഒരു ആഹ്വാനമാണ്, അതിലുപരി നീതിക്കായുള്ള ആഹ്വാനമാണ് (13).

8. ഈ പ്രതിസന്ധി മറികടക്കാനുള്ള സാംസ്കാരികവും ഘടനാപരവുമായ പരിവർത്തനം സാധ്യമാകുന്നത് നാമെല്ലാവരും ഏക പിതാവിന്റെ പുത്രീപുത്രന്മാരാണെന്ന് ആത്യന്തികമായി നാം അംഗീകരിക്കുമ്പോഴാണ്;

അതായത്, നാമെല്ലാവരും അവിടത്തോട് കടപ്പെട്ടിരിക്കുന്നു എന്നും പങ്കുവയ്ക്കലിന്റെയും വ്യത്യസ്തങ്ങളായ ഉത്തരവാദിത്വത്തിന്റെയും ചൈതന്യത്തിൽ നമുക്ക് എല്ലാവർക്കും പരസ്പരം ആവശ്യമുണ്ട് എന്നും അംഗീകരിക്കുമ്പോൾ. അപ്പോൾ നമുക്ക് "പരസ്പരം ആവശ്യമുണ്ടെന്ന് എന്നേക്കുമായി തിരിച്ചറി യാനും" നാം പരസ്പരം കടപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കാൻ സാധിക്കും (14).

## III. ഒരു പ്രത്യാശയുടെ സഞ്ചാരം: മൂന്നു നിർദേശങ്ങൾ

9. അനിവാര്യമായ ഈ പരിവർത്തനങ്ങൾ നാം ഹൃദയത്തിൽ സ്വാംശീകരിച്ചാൽ അവ കൃപയുടെ ഈ ജൂബിലി വർഷം നമുക്ക് ഓരോരുത്തർക്കും ദൈവത്തിന്റെ അതിരുകളില്ലാത്ത കരുണയുടെ അനുഭവത്താൽ നവമായ പ്രത്യാശയുടെ തീർത്ഥാടനം നടത്താൻ സഹായകമാകും.

ദൈവം ആർക്കും ഒന്നും കടപ്പെട്ടിട്ടില്ല; എന്നാലും ദൈവം തന്റെ കൃപയും കരുണയും എല്ലാവരുടെയുംമേൽ ചൊരിയുന്നു. ഏഴാം നൂറ്റാണ്ടുകാരനായ പൗരസ്ത്യ സഭാപിതാവായ നിനിവേയിലെ ഇസഹാക്ക് തന്റെ ഒരു പ്രാർഥനയിൽ ഇപ്രകാരം എഴുതി: "നിന്റെ സ്നേഹം, നാഥാ, എന്റെ തെറ്റുകളേക്കാൾ വലുതാണ്. എന്റെ പാപക്കൂമ്പാരവുമായി തട്ടിച്ചുനോക്കുമ്പോൾ കടലിലെ തിരമാലകൾ പോലും ഒന്നുമല്ല; എന്നാൽ, എന്റെ കുറ്റങ്ങൾ നിന്റെ സ്നേഹത്തോടു ചേർത്ത് അളന്നു നോക്കിയാൽ അവ പൂഴിയിലെ ഒരു തരിപോലെ അപ്രത്യക്ഷമാകും" (16). നമ്മൾ ചെയ്യുന്ന തിന്മകൾ ദൈവം അളന്നു നോക്കുന്നില്ല; കാരണം, അവിടന്ന് അത്യധികമായി "കരുണയിൽ സമ്പന്നനാണ്, എന്തെന്നാൽ, വലിയ സ്നേഹത്തോടെ അവിടന്ന് നമ്മെ സ്നേഹിച്ചു" (എഫേ 2:4). അതേസമയം, അവിടന്ന് ദരിദ്രരുടെ രോദനവും ഭൂമിയുടെ നിലവിളിയും കേൾക്കുന്നു. ഈ വർഷം ആരംഭിക്കുമ്പോൾ ഒരു നിമിഷം മാറിനിന്ന് അവിടത്തെ കരുണയെ ക്കുറിച്ച് ചിന്തിക്കുന്നത് ഉചിതമായിരിക്കും; എന്തെന്നാൽ, അവിടന്ന് നിരന്തരം നമ്മുടെ പാപങ്ങൾ പൊറുക്കുകയും ഓരോ കടവും ഇളച്ചുതരികയും, അങ്ങനെ നമ്മുടെ ഹൃദയങ്ങൾ പ്രത്യാശയും സമാധാനവുംകൊണ്ട് നിറഞ്ഞു കവിയുകയും ചെയ്യും.

10. "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർഥന പഠിപ്പിച്ച യേശു നമ്മുടെ തെറ്റുകൾ ക്ഷമിക്കണമേ എന്നു പിതാവി നോട് അഭ്യർഥിച്ചുകൊണ്ട് ആരംഭിക്കുന്നു; എന്നാൽ ഉടൻതന്നെ അതിനോടൊപ്പം നമ്മെ വെല്ലുവിളിക്കുന്ന വാക്കുകളും ചേർ ക്കുന്നു:"അന്യരുടെ തെറ്റുകൾ ഞങ്ങൾ ക്ഷമിക്കുന്നതുപോലെ" (മത്താ 6:12 കാണുക). അന്യരുടെ തെറ്റുകൾ ക്ഷമിക്കുന്നതിനും അങ്ങനെ അവർക്കു പ്രത്യാശ പകരുന്നതിനും നമ്മുടെ ജീവിതങ്ങൾ തന്നെ അതേ

പ്രത്യാശയാൽ നിറയപ്പെടണം; അത് നാം ദൈവ ത്തിന്റെ കരുണ അനുഭവിച്ചതിന്റെ ഫലമായിരിക്കും. പ്രത്യാശ ഉദാരമനസ്കതയിലൂടെ കവിഞ്ഞൊഴുകുന്നു; അത് കണക്കുകൂട്ടലു കളിൽ നിന്നും സ്വതന്ത്രമാണ്; അത് നിഗൂഢമായ അവകാശങ്ങൾ ഒന്നുമുയർത്തുന്നില്ല; അത് ലാഭത്തെക്കുറിച്ചു ചിന്തിക്കുന്നില്ല. അത് ഒരു കാര്യംമാത്രം ലക്ഷ്യംവയ്ക്കുന്നു: വീണുപോയവരെ ഉയർത്തി യെടുക്കാൻ, തകർന്ന ഹൃദയങ്ങളെ സുഖപ്പെടുത്താൻ, നമ്മെ എല്ലാ ബന്ധനങ്ങളിൽനിന്നും മോചിതരാക്കാൻ.

11. ആകയാൽ, ഈ കൃപാവർഷത്തിന്റെ ആരംഭത്തിൽ ഞാൻ മൂന്നു നിർദേശങ്ങൾ നൽകാൻ ആഗ്രഹിക്കുന്നു; എല്ലാ ജനതകളു ടെയും ജീവിതത്തിന്റെ മാഹാത്മ്യം പുനഃസ്ഥാപിക്കാനും അവരെ നവമായ ഒരു പ്രത്യാശയുടെ തീർത്ഥാടനം നടത്താൻ പ്രാപ്തരാക്കാ നുമാണത്. ഈ രീതിയിൽ കടത്തിന്റെ പ്രതിസന്ധി മറികടക്കാനും അങ്ങനെ നാമെല്ലാവരും കടത്തിന് ഇളവ് ലഭിച്ച കടക്കാരാണെന്നുള്ള ബോധ്യം ഒരിക്കൽകൂടി നമ്മിൽ ഉണർത്താനും സാധിക്കും.

**ഒന്നാമതായി,** 2000-മാണ്ടിലെ മഹാജൂബിലി അവസരത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ നൽകിയ ആഹ്വാനം ഞാൻ ആവർത്തിക്കുന്നു: "പല രാഷ്ട്രങ്ങളുടെയും ഭാവിയെ ഗൗരവതരമായി ബാധിക്കുന്ന അന്താരാഷ്ട്രകടം ഒന്നുകിൽ നിർണായകമായി കുറയ്ക്കുക അല്ലെങ്കിൽ പൂർണമായും എഴുതിത്തള്ളുക എന്ന കാര്യം പരിഗണിക്കുക" (17). വളരെയധികം പുരോഗമിച്ചിട്ടുള്ള രാജ്യങ്ങൾ തങ്ങൾ വരുത്തിവെച്ച പാരിസ്ഥിതിക കടം കണക്കിലെടുത്തു കൊണ്ട് തങ്ങൾക്കു കടം വീട്ടാനുള്ള രാഷ്ട്രങ്ങൾക്ക് ഇപ്പോൾ അത് ചെയ്യാനുള്ള പ്രാപ്തി ഒട്ടും ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കടങ്ങൾ എഴുതിത്തള്ളാനായി താത്പര്യം കാണിക്കുക. അതേ സമയം, അക്കാര്യം ധനപരമായ സഹായം നൽകുന്നതിനും അങ്ങനെ കടപ്പെട്ടിരിക്കുന്നതിന്റെ ഘടനയെ കേവലം ഒറ്റപ്പെട്ട ഉപവി പ്രവൃത്തി യിലൂടെ ഇല്ലാക്കുന്നതിനും തുല്യമാക്കാതെ ഒരു പുതിയ സാമ്പത്തിക ക്രമംതന്നെ രൂപപ്പെടുത്തുന്നതിന്റെ ഭാഗമാക്കേണ്ടതുണ്ട്; അത് ജനതകൾ തമ്മിലുള്ള ഐകമത്യത്തിന്റെയും മൈത്രിയുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തേണ്ട ഒരു ആഗോള ധനതത്ത്വ പ്രമാണത്തിലേക്ക് (global financial Charter) നയിക്കുന്നതാവണം.

മനുഷ്യജീവന്റെ മഹാത്മ്യം ഉദ്ഭവം മുതൽ സാധാരണ മരണം വരെ ആദരിക്കാനുള്ള ശക്തമായ പ്രതിജ്ഞാബദ്ധത ഉണ്ടാക്കാനും ഞാൻ അഭ്യർഥിക്കുന്നു. അതുവഴിയായി ഓരോ വ്യക്തിക്കും അവന്റെയും അവളുടെയും ജീവൻ വിലമതിക്കാനും, എല്ലാവർക്കും, തങ്ങൾക്കും തങ്ങളുടെ മക്കൾക്കും, ശോഭനമായ ഒരു ഭാവിയും സന്തോഷവും പ്രത്യാശിക്കാനും ഇടവരും.

ഭാവിയെക്കുറിച്ചുള്ള പ്രത്യാശയില്ലാതെ ഈ ലോകത്തേക്ക് പുതിയ ജീവിതങ്ങളെ കൊണ്ടുവരുന്നത് യുവജനങ്ങൾക്ക് ബുദ്ധിമുട്ടായി ഭവിക്കും. ഇവിടെ ജീവന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന മൂർത്തമായ ഒരു അടയാളത്മക പ്രവൃത്തി ഞാൻ നിർദേശിക്കട്ടെ, അതായത്, എല്ലാ രാഷ്ട്രങ്ങളും വധശിക്ഷ ഒഴിവാക്കുക. ഈ ശിക്ഷ ജീവന്റെ അലംഘനീയതത്വത്തെ സംബന്ധിച്ച് വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുക മാത്രമല്ല, പൊറുതിക്കും പുനരുധിവാസത്തിനും ഉള്ള മാനുഷിക പ്രത്യാശ ഇല്ലാതാക്കുകയും ചെയ്യുന്നു (18).

മാത്രമല്ല, വിശുദ്ധ പോൾ ആറാമൻ പാപ്പായുടെയും ബെനഡിക്ട് പതിനാറാമൻ പാപ്പായുടെയും (19) കാലടികൾ പിന്തുടർന്നുകൊണ്ട് ഭാവിതലമുറകൾക്കായി മറ്റൊരു ആഹ്വാനംകൂടി നൽകുന്നതിൽ ഞാൻ ശങ്കിക്കുന്നില്ല. യുദ്ധകലുഷിതമായ നമ്മുടെ ഈ കാലഘട്ട ത്തിൽ, യുദ്ധസാമഗ്രികൾ സംഭരിക്കുന്നതിനു നീക്കിവെക്കുന്ന തുകയിൽനിന്ന് ഒരു നിശ്ചിത ശതമാനം മാറ്റിവെച്ച് ദാരിദ്ര്യം ഉന്മൂലനം ചെയ്യുന്നതിനും ദരിദ്രരാഷ്ട്രങ്ങളിൽ സുസ്ഥിരമായ വികസനം പ്രോത്സാഹിപ്പിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം പ്രതിരോധി ക്കുന്നതിനും ആയി ഒരു ആഗോളനിധി (global Fund) സ്വരൂപിക്കുക (20). യുവജനങ്ങൾ തങ്ങളുടെ ഭാവി പ്രത്യാശാജനകം അല്ലെന്നും തങ്ങളുടെ പ്രിയപ്പെട്ടവരുടെ രക്തം ചിന്തിയതിനു പകരംവീട്ടാതിരി ക്കാൻപറ്റില്ല എന്നും ചിന്തിക്കുന്ന മനോഭാവത്തെ പൂർണമായും ഒഴിവാക്കാൻ നാം പ്രയത്നിക്കേണ്ടിയിരിക്കുന്നു. ഭാവി എന്നത് നമുക്ക് നൽകപ്പെടുന്ന ഒരു ദാനമാണ്; അത് നമ്മുടെ ഗതകാല പരാജയ ങ്ങൾക്ക് ഉപരിപോകാനും സമാധാനത്തിന്റെ പുതിയ പാതകൾ കണ്ടെത്താനുമുള്ള അവസരമാണ്.

## IV. സമാധാനം ലക്ഷ്യം വയ്ക്കുന്നത്

12. ഈ നിർദേശങ്ങൾ ശിരസാവഹിക്കുകയും പ്രത്യാശയുടെ തീർത്ഥാടനം നടത്തുകയും ചെയ്യുന്നവർ നിശ്ചയമായും, വളരെയേറെ ആഗ്രഹിക്കപ്പെടുന്ന, സമാധാനം പിറക്കുന്നതിന്റെ സൂചനകൾ കാണും. സങ്കീർത്തകൻ ഇപ്രകാരം നമ്മോടു വാഗ്ദാനം ചെയ്യുന്നു: “കൃപയും സത്യവും തമ്മിൽ ആശ്ലേഷിക്കും; നീതിയും സമാധാനവും ചുംബിക്കും” (സങ്കീ 85:10). എനിക്ക് മറ്റൊരാൾ കടം വീട്ടാൻ ഉണ്ടെന്നുള്ള ആയുധം ഞാൻ ഒഴിവാക്കുമ്പോൾ എന്റെ സഹോദരീ സഹോദരന്മാർക്ക് ഞാൻ പ്രത്യാശയുടെ പാത തുറന്നുകൊടുക്കുന്നു; ഞാൻ ദൈവത്തിന്റെ നീതി ഈ ഭൂമിയിൽ സംജാതമാക്കാൻ സഹകരിക്കുകയും ആ വ്യക്തിയോടൊപ്പം സമാധാനം എന്ന ലക്ഷ്യത്തിലേക്ക് കുതിക്കുകയും ചെയ്യുന്നു. വിശുദ്ധ ജോൺ 23-ാമൻ പാപ്പാ നിരീക്ഷിച്ചതുപോലെ, ഉത്കണ്ഠയുടെയും യുദ്ധഭയ ത്തിന്റെയും “ആയുധങ്ങൾ നീക്കപ്പെട്ട” ഒരു ഹൃദയത്തിൽനിന്നു മാത്രമേ യഥാർഥ സമാധാനം ജനിക്കാൻ സാധ്യതയുള്ളൂ (21).

13. സമാധാനം പുഷ്ടിപ്പെടുന്ന വർഷം ആകട്ടെ 2025. അത് കേവലം കരാറുകളുടെയും മാനുഷികമായ നീക്കുപോക്കുകളുടെയും വിശദാംശങ്ങളുടെ ഉപായങ്ങൾക്ക് ഉപരിനിൽക്കുന്ന യഥാർഥവും നിലനിൽക്കുന്നതുമായ സമാധാനമാകട്ടെ (22). ആയുധങ്ങൾ ഒഴിവാക്കപ്പെട്ട ഹൃദയങ്ങൾക്ക് ദൈവം നൽകുന്ന യഥാർഥ സമാ ധാനം അന്വേഷിക്കാൻ ഇടവരട്ടെ. അപ്രകാരമുള്ള ഹൃദയങ്ങൾ ഏന്റേത് എതെന്നും നിന്റേത് ഏതെന്നും കണക്കു കൂട്ടാത്തവയായി രിക്കും; ആ ഹൃദയങ്ങൾ സ്വാർഥതയിൽനിന്നുമാറി അന്യരിലേക്ക് എത്തിനിൽക്കാൻ താത്പര്യപ്പെടുന്നവയായിരിക്കും; ആ ഹൃദയങ്ങൾ തങ്ങൾ ദൈവത്തോട് കടപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവിൽ അന്യരെ കീഴ്പ്പെടുത്തുന്ന കടങ്ങൾ അവർക്ക് ഇളച്ചുകൊടുക്കു ന്നവയും ആയിരിക്കും; ആ ഹൃദയങ്ങൾ ഉത്കണ്ഠയ്ക്കുപകരം ഭാവിയെക്കുറിച്ചുള്ള പ്രത്യാശ പുലർത്തുന്നവ യയായിരിക്കും; അതായത്, കൂടുതൽ നല്ല ഒരു ലോകം പടുത്തുയർത്തുന്നതിൽ ഓരോ വ്യക്തിക്കും ഒരു സ്രോതസ്സായി നിൽക്കാൻ സാധിക്കുന്നതരം ഹൃദയം.

14: ഹൃദയം നിരായുധീകരിക്കുക എന്നത് എല്ലാവരുടെയും ജോലിയാണ് - വലിയവരുടെയും ചെറിയവരുടെയും, ധനവാന്മാരു ടെയും ദരിദ്രരുടെയും. അതിനു ചില വേളകളിൽ നാം നടത്തുന്ന ചെറിയൊരു പ്രവൃത്തിമാത്രം മതിയാകും: "ഒരു പുഞ്ചിരി, മൈത്രീഭാവ ത്തിന്റെ ഒരു ചെറിയ പ്രകാശനം, ഒരു കരുണാർദ്ര കടാക്ഷം, കേൾക്കാനായി കാതുതുറക്കൽ, ഒരു നന്മപ്രവൃത്തി എന്നിവ'' (23). ഇത്തരത്തിലുള്ള പ്രവൃത്തികളിലൂടെ സമാധാനം എന്ന ലക്ഷ്യത്തി ലേക്ക് നാം പുരോഗമിക്കും. നമ്മുടെ സഹോദരീസഹോദരന്മാ രോടൊപ്പമുള്ള ഈ യാത്രയിൽ നമ്മൾ ആരംഭിച്ചിടത്തുനിന്നു മുന്നോട്ട് പോകുന്ന വഴിയിൽ നമുക്ക് പരിവർത്തനമുണ്ടെന്നു തിരച്ചറി ഞ്ഞാൽ എത്രയും പെട്ടെന്ന് നാം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരും. യഥാർഥത്തിൽ, യുദ്ധങ്ങൾ അവസാനിച്ചതുകൊണ്ട് മാത്രമല്ല സമാധാനം സംജാതമാകുന്നത്; പുതിയ ലോകത്തിന്റേതായി ഒരു പുലരി പിറക്കുമ്പോഴാണ് അത് സാധ്യമാകുന്നത്. അപ്രകാരമുള്ള ഒരു ലോകത്ത് വ്യത്യസ്തരായ നമുക്ക് നാം വിചാരിച്ചതിലും ഉപരി പരസ്പരം കൂടുതൽ അടുത്തു വരാനും കൂടുതൽ സാഹോദര്യം പുലർത്താനും സാധിക്കുമെന്നു നാം മനസ്സിലാക്കും.

15. ''നാഥാ, നിന്റെ സമാധാനം ഞങ്ങൾക്കു നൽകണമേ!'' രാഷ്ട്രനേതാക്കൾക്കും ഗവൺമെന്റുകൾക്കും അന്താരാഷ്ട്ര സംഘടന കളുടെ തലവന്മാർക്കും വ്യത്യസ്ത മതനേതാക്കൾക്കും സന്മനസ്സുള്ള ഓരോ വ്യക്തിക്കും എന്റെ ഹൃദയംനിറഞ്ഞ നവവത്സര ആശംസകൾ നേരുമ്പോഴുള്ള എന്റെ പ്രാർഥന ഇതാണ്.

അന്യരുടെ തെറ്റുകൾ ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, നാഥാ,
ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടു ക്ഷമിക്കണമേ.
ക്ഷമയുടെ ഈ ചക്രഗതിയിൽ, നിന്റെ സമാധാനം ഞങ്ങൾക്ക് നൽകണമേ.
ആ സമാധാനം നിനക്കുമാത്രം നൽകാവുന്നതാണല്ലോ;
അത് നൽകപ്പെടുന്നത് ഹൃദയം സ്വയം നിരായുധീകരിക്കുന്നവർക്കാണല്ലോ;

അത് നൽകപ്പെടുന്നത് തങ്ങളുടെ സഹോദരീസഹോദരന്മാരുടെ കടങ്ങൾ
പ്രത്യാശാപൂർവം ക്ഷമിക്കുന്നവർക്കാണല്ലോ;

അത് നൽകപ്പെടുന്നത് ഭയരഹിതമായി നിന്നോടു തങ്ങളുടെ കടങ്ങൾ
ഏറ്റുപറയുന്നവർക്കാണല്ലോ;

അത് നൽകപ്പെടുന്നത് ദരിദ്രരുടെ രോദനം കേട്ടിട്ട് തങ്ങളുടെ കാതുകൾ
അടയ്ക്കാത്തവർക്കാണല്ലോ.




**ഫ്രാൻസിസ് പാപ്പാ**

---

*വത്തിക്കാനിൽ നിന്ന് 2024 ഡിസംബർ എട്ടാം തീയതി നൽകപ്പെട്ടത്.*

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി – 682 025



*സർക്കുലർ 14/2024*

# പ്രവാസി അപ്പസ്തോലേറ്റ്

*മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,*

2024 മെയ് മാസത്തിൽ നടന്ന എപ്പാർക്കിയൽ അസംബ്ലിയിലെ പ്രധാനപ്പെട്ട തീരുമാനങ്ങളിൽ ഒന്നായിരുന്നു കേരളത്തിന് പുറത്തും വിദേശത്തുമായി പഠനത്തിലും ജോലിയിലുമായിരിക്കുന്ന വ്യക്തികളുടെ കൂട്ടായ്മകൾ രൂപപ്പെടുത്തുക എന്നത്. ഏതാനും രാജ്യങ്ങളിൽ ഈ ഒത്തുകൂടൽ പരിമിതമായ രീതിയിൽ നടക്കുന്നെ ണ്ടെങ്കിലും അവയുടെ പൊതുവായ ഏകോപനം ഇതുവരെ സാധ്യമായിരുന്നില്ല. നമ്മുടെ രൂപതയിൽ പ്രവാസി അപ്പോസ്തോലേറ്റ് എന്ന അജപാലന വിഭാഗത്തിന് ആരംഭമിടുന്നത് ഈ ലക്ഷ്യത്തോ ടെയാണ്.

ജീവിതത്തിന്റെ സുരക്ഷിതത്വവും സമൃദ്ധിയും തേടി വീടും നാടും സ്വന്ത ബന്ധങ്ങളും ഉപേക്ഷിച്ച് കുടുംബത്തിന്റെയും ജീവിതത്തിന്റെയും നന്മ ആഗ്ര ഹിച്ച് അന്യനാടുകളിൽ ചേക്കേറുന്നവരെ നാമുൾപ്പെടുന്ന സമൂഹം ആദരവോടെ കാണാനും ഓരോ വ്യക്തിയേയും മാതൃസഭയോടും മാതൃരൂപതയോടും ബന്ധി പ്പിച്ച് അവരുടെ ആവശ്യങ്ങളിൽ കൂടെ നിൽക്കാനും ആശ്വാസമേകാനും ചേർത്തുപിടിക്കാനും നമുക്കാകണം. അതിനുള്ള എളിയ ഉദ്ദേശ്യവും അജപാ ലന സംവിധാനവുമാണ് പ്രവാസി പ്രേഷിതത്വം. ഇത് കാലഘട്ടത്തിന്റെ വിളിയും സവിശേഷതയുമാണ്.

ജറുസലേമിൽ നിന്ന് ലോകത്തിന്റെ പലഭാഗങ്ങളിലേക്ക് പ്രവാസികളായി കടന്നുചെന്ന ശ്ലീഹന്മാരിലൂടെയാണ് സഭ വളർന്നത്. മലബാറിലേക്ക് കുടിയേറിയ നമ്മുടെ പിതാക്കന്മാരും പ്രവാസിക ളായിരുന്നു. നാടും വീടും സ്വന്തക്കാരെയും ഉപേക്ഷിച്ച്, സമൃദ്ധി തേടിയായിരുന്നു അവർ ഇവിടെ എത്തിയത്. എങ്കിലും, കുടുംബത്തി ന്റെയും വിശ്വാസത്തിന്റെയും വേരുകൾ അവർ ഒരിക്കലും വിസ്മരി ച്ചില്ല. ഇത്, മലബാറിൽ ഒരു കുടുംബമായി വളരാനും ക്രൈസ്തവ സാക്ഷ്യം നൽകാനും അവർക്ക് പ്രേരണയായി. അപ്പോസ്തോ ലന്മാരെ പോലെയും നമ്മുടെ പിതാക്കന്മാരെപോലെയും സുവിശേഷ ത്തിന്റെ സൗന്ദര്യവും അതിൽ വിശ്വസിക്കുന്നതിന്റെ ആഹ്ലാദവും പകർന്നു നൽകാൻ ജന്മനാട്ടിൽ നിന്ന് ദൂരെയായിരിക്കുന്ന ഓരോ വ്യക്തിക്കും പ്രവാസി അപ്പോസ്തോലേറ്റ് പ്രചോദനമാകും. മാതൃ ഇടവകയോടും രൂപതയോടും ത

ങ്ങൾ ആയിരിക്കുന്ന ഇടങ്ങളിലെ ക്രൈസ്തവ കൂട്ടായ്മയോടും ചേർന്ന് നിൽക്കുമ്പോൾ വിശ്വാസികൾ കൂടുതൽ ശക്തരാകും. അങ്ങനെ, നമ്മുടെ പരസ്പര സഹകരണവും മാതൃകയും വിശ്വാസ തീക്ഷ്ണതയും അനേകരെ ക്രിസ്തുവിലേക്ക് നയിക്കാനുള്ള മാർഗമായി മാറും.

പലവിധത്തിലുള്ള ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകുന്ന പ്രവാസികളെ വിദേശരാജ്യങ്ങളിൽ നാം കണ്ടുമുട്ടാറുണ്ട്. സാമ്പത്തികമായ ബുദ്ധിമുട്ടുകളെക്കാൾ പലവിധകാരണങ്ങളാൽ ഒറ്റപ്പെട്ടുപോകുന്ന അനേകർ നമ്മുടെ സഹായം അർഹിക്കുന്നവരായുണ്ട്. വിശ്വാസപരവും ധാർമികപരവുമായ നിരവധി പ്രതിസന്ധികളും നമ്മുടെ പ്രവാസ സമൂഹത്തെ ബാധിക്കുന്നു. അങ്ങനെയുള്ളവരെ അന്വേഷിച്ച് കണ്ടെത്തി തിരുസഭ കൂട്ടായ്മയിൽ ഒരുമിപ്പിച്ചുകൊണ്ടുപോകാ നുള്ള സാഹചര്യവും ഈ പ്രേഷിത പ്രവർത്തനത്തിലൂടെ വിഭാവനം ചെയ്യുന്നു.

അന്യദേശങ്ങളിലായിരിക്കുന്നവരുടെ ആത്മീയവും ഭൗതികവുമായ ക്ഷേമപ്രവർത്തനങ്ങളുടെ ചാലകശക്തിയാകുന്നതോടൊപ്പം സ്വദേശത്തായിരിക്കുന്ന പ്രിയപ്പെട്ടവരുടെ ആവശ്യങ്ങളിലും പ്രശ്നങ്ങളിലും അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനും രൂപതയിൽ നാം ആരംഭിച്ചിരിക്കുന്ന പ്രവാസി അപ്പോസ്തോലേറ്റിന് സാധിക്കും. വിദേശരാജ്യങ്ങളിൽ മരണപ്പെടുന്നവരെ നാട്ടിലെത്തിക്കുന്നതിനും പ്രവാസ ജീവിതത്തിനിടയ്ക്ക് അവിചാരിതമായി ജയിലുകളിൽ എത്തിപ്പെടുന്നവരെ രക്ഷിക്കാനും യുദ്ധ സാഹചര്യങ്ങളിൽപെട്ടുപോകുന്നവരെ സഹായിക്കാനും ഈ സംവിധാനം പ്രയോജനപ്പെടും. വിവിധ രാജ്യങ്ങളിൽ പഠനത്തിനായും ജോലിക്കായും പോകുന്നവർക്ക് താമസസ്ഥലം ഒരുക്കാനും ജോലി കണ്ടെത്താനും അവരെ സഹായിക്കാനും ഈ കൂട്ടായ്മയ്ക്ക് കഴിയും. വിശ്വാസപരിശീലനം ലഭ്യമല്ലാത്ത നാടുകളിലെ നമ്മുടെ കുട്ടികളെ ആത്മീയമായി ഒരുക്കുന്നതിനും പ്രവാസി അപ്പോസ്തോലേറ്റിലൂടെയുള്ള സേവന ങ്ങൾ അനിവാര്യമാണ്.

രൂപതയിൽ, പ്രവാസി പ്രേഷിതത്വം കാര്യക്ഷമമാക്കുവാനായി ചിലകാര്യങ്ങൾ നമുക്ക് പൂർത്തിയാക്കാനുണ്ട്. ഓരോ ഇടവകയും, വിദേശത്തും കേരളത്തിനു പുറത്തുമുള്ളവരുടെ കൂട്ടായ്മകൾ എത്രയും വേഗം രൂപീകരിച്ച്, രൂപത കേന്ദ്രപ്രവാസി അപ്പോസ്തോലേറ്റിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കാൻ ശ്രമിക്കണം. അതോടൊപ്പം തന്നെ, അതാതു രാജ്യങ്ങളിലും സ്ഥലങ്ങളിലും, താമരശ്ശേരിയിൽ നിന്നുള്ളവർ ഒത്തുചേർന്ന് കൂട്ടായ്മകൾ രൂപീകരിക്കേണ്ടതും അത്യാവശ്യമാണ്. മാതൃസഭയുടെ അജപാലന ശുശ്രൂഷ അകലെയായിരിക്കുന്നവരുടെ വലിയ സ്വപ്നമാണ്. പ്രാദേശിക സഭയാകുന്ന അമ്മ എല്ലാ മക്കളെയും സ്നേഹത്തോടെ ചേർത്ത് പിടിക്കാൻ ആഗ്രഹിക്കുന്നു.


പ്രവാസി അപ്പോസ്തോലേറ്റിനോട് ചേർന്ന്, കൂട്ടായ്മകൾ രൂപീകരിക്കാനും മാതൃരൂപതയോടുള്ള ബന്ധം പരിപോ ഷിപ്പിക്കാനും ഊഷ്മളമാക്കാനും കേരളത്തിനു പുറത്തും വിദേശത്തു മുള്ളവർ സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അങ്ങനെ, വിപ്രവാസത്തിലുള്ള ഒരു വ്യക്തിയും നഷ്ടപ്പെട്ടു പോകാതെ കൂട്ടായ്മയുടെ സ്നേഹ വലയത്തിലാണെന്ന് നമുക്ക് ഉറപ്പുവരുത്താം.

നമ്മുടെ രൂപതയിൽ പ്രവാസി അപ്പോസ്തോലേറ്റിന്റെ ചുമതല ബഹു. കുര്യൻ പുരമഠത്തിൽ അച്ചനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അദ്ദേഹത്തോടു സഹകരിച്ച് ഈ പ്രേഷിതത്വത്തിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കാനും കാര്യക്ഷമമാക്കാനും എല്ലാവരുടെയും പിന്തുണ ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെ, വിവിധ ദേശങ്ങ ളിലായിരിക്കുന്ന നമ്മുടെ രൂപതാംഗങ്ങൾ അവിടെയുള്ള സീറോ മലബാർ സഭയുടെ അജപാലന സംവിധാനത്തോട് ചേർന്ന് നിന്ന് കൂട്ടായ്മയുടെ നന്മകൾ സ്വന്തമാക്കി, സുരക്ഷിതരാവുക എന്നതും ഒരുപോലെ പ്രസക്തമാണ്. ഇടവകയിലെ കുടുംബങ്ങൾ വിദേശത്തുള്ള തങ്ങളുടെ പ്രിയപ്പെട്ടവരെ ഇക്കാര്യം അറിയിക്കുകയും കൂട്ടായ്മയിൽ പങ്കാളികളാകാൻ അവരോട് ആവശ്യപ്പെടുകയും ചെയ്യണം.

“ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു” (മത്താ 25,35): ഈശോയുടെ ഈ വാക്കുകൾ കാലഘട്ടത്തിന്റെ അനിവാര്യതയായ പ്രവാസി കൂട്ടായ്മയിലൂടെ ക്രിസ്തുവിനെ തന്നെയാണ് നാം ശുശ്രൂഷിക്കുന്നതെന്ന അവബോധം നമുക്ക് പ്രദാനം ചെയ്യട്ടെ. വിപ്രവാസികളായ നമ്മുടെ സഹോദരങ്ങളുടെ ആത്മീയവും ഭൗതികവുമായ നന്മയെ ആഗ്രഹിച്ചുള്ള ശുശ്രൂഷകൾ പ്രവാസി അപ്പോസ്തോലേറ്റിലൂടെ ഫലമണിയട്ടെ. രൂപതയും സഭാസംവിധാനങ്ങളും അന്യനാട്ടിൽ ആയിരിക്കുന്നവരൊടോപ്പം എന്നുമുണ്ടെന്നുള്ള അനുഭവം നാം അവർക്ക് നൽകണം. ലോകത്ത് എവിടെയുമുള്ള താമരശ്ശേരി രൂപതാംഗങ്ങളുടെ കൂട്ടായ്മ ഏവർക്കും ആശ്വാസകരവും പ്രചോദനവും, എല്ലാറ്റിനുമുപരി സുവിശേഷത്തിന് സാക്ഷ്യവുമാകട്ടെയെന്ന് ആശംസിക്കുന്നു, പ്രാർഥിക്കുന്നു.

പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും നമ്മുടെ രൂപതാ മധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെയും സഹായവും പ്രാർഥനയും ഏവർക്കും ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
**താമരശ്ശേരി രൂപതയുടെ മെത്രാൻ**

*സർക്കുലർ 15/2024*

# 2025 സഭയുടെ സാധാരണ ജൂബിലി

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു" (റോമ 5,5). ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ. സാർവത്രികസഭയിൽ 2025 ജൂബിലി വർഷമായി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ ജൂബിലിയാണിത്. ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും സന്ദേശവും ലോകത്തിന് പ്രതീക്ഷയുടെ തിരിനാളവുമാണ് ഈ വിശുദ്ധവത്സരം.

മാനവരക്ഷയുടെ ജൂബിലിവർഷം ആചരിക്കാൻ ആരംഭിച്ചത് 1300-ാം ആണ്ട് മുതലാണ്. ഓരോ വിശുദ്ധവർഷവും മഹത്തായ അനുരഞ്ജനത്തിന്റെ കാലഘട്ടമായി സ്വീകരിച്ച്, തീർത്ഥാടനം നടത്തി ദണ്ഡവിമോചനം പ്രാപിക്കാനുള്ള ശ്രമങ്ങളെ ആദ്യനാളുകൾ മുതൽ പരിശുദ്ധ പിതാക്കന്മാർ പ്രത്യേകം പ്രോൽസാഹിപ്പിച്ചിരുന്നു. റോമിലേക്കോ, ഓരോരുത്തരുടെയും പ്രാദേശിക രൂപതയിലെ ഒരു തീർത്ഥാടക കേന്ദ്രത്തിലേക്കോ വിശുദ്ധയാത്ര നടത്താൻ വിശ്വാസികളെ പ്രോൽസാഹിപ്പിക്കുന്ന വിധത്തിലാണ്, 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന്, 2025 ജൂബിലി വർഷത്തിന് പ്രമേയമായി ഫ്രാൻസിസ് മാർപാപ്പ നൽകിയിരിക്കുന്നത്. "ഈ വിശുദ്ധവത്സരം നമ്മുടെ കാലടികളെ, ക്രൈസ്തവരുടെയെല്ലാം അടിസ്ഥാന ആഘോഷമായ കർത്താവിന്റെ പീഡാനുഭവത്താലും മരണത്താലും ഉത്ഥാനത്താലും നേടിയ വീണ്ടെടുപ്പിന്റെ രണ്ടായിരം വാർഷികമായ 2033ലേക്ക് നയിക്കുന്നുവെന്നും", പരിശുദ്ധപിതാവ് നമ്മെ ഓർമിപ്പിക്കുന്നു. ആഗോള സഭയോട് ചേർന്ന്, രക്ഷയുടെ സാധാരണ ജൂബിലിയുടെ ആചരണ ങ്ങളിലൂടെയും ആഘോഷങ്ങളിലൂടെയും നമുക്ക് കടന്നുപോകാം.

നമ്മുടെ രൂപത സ്ഥാപിതമായതിന്റെ നാൽപതാം വാർഷികവും ചരിത്രപ്രധാനമായ മലബാർ കുടിയേറ്റത്തിന്റെ നൂറാം വാർഷികവും സംയുക്തമായി ആചരിക്കാൻ ഒരുങ്ങുന്ന സന്ദർഭത്തിലാണ് ആഗോളസഭയുടെ ജൂബിലിയാഘോഷങ്ങളിലേക്കും നാം പ്രവേശിക്കുന്നത്. അതിനാൽ, താമരശ്ശേരി രൂപതയെ സംബന്ധിച്ച് ഏറെ പ്രധാനപ്പെട്ടതും ആഹ്ലാദം നൽകുന്നതുമാണ്

ഈ വിശുദ്ധവത്സരം. ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നിരവധി കർമപദ്ധതികളും ഇതിനോടകം നാം വിഭാവനം ചെയ്തിട്ടുണ്ട്.

2024 ഡിസംബർ 24 ന് വൈകുന്നേരം, വത്തിക്കാനിലെ വി. പത്രോസിന്റെ ബസിലിക്കായുടെ വിശുദ്ധ കവാടം സഭയുടെ പരമാധ്യക്ഷൻ തുറക്കുന്നതോടെ സാർവത്രികസഭയിൽ, ക്രിസ്തുവിന്റെ മാനവരക്ഷയുടെ സാധാരണജൂബിലിക്ക് തുടക്കമാകുന്നു. നമ്മുടെ രൂപതയിലും അന്നേദിവസം തന്നെ കത്തീഡ്രൽ ദൈവാലയത്തിലെ തിരുപ്പിറവിയുടെ തിരുകർമങ്ങളോടെ വിശുദ്ധവത്സരത്തിന് ആരംഭം കുറിക്കുകയാണ്. ജൂബിലി ആഘോഷത്തിന്റെ ഇടവകതലത്തിലുള്ള ആരംഭം ഡിസംബർ 29 ഞായറാഴ്ചയാണ് ക്രമീകരിച്ചിരിക്കുന്നത്. ഇടവക പള്ളിയിലും എല്ലാ സ്ഥാപനങ്ങളിലും ജൂബിലിക്ക് ഒരുക്കമായുള്ള പ്രാർഥനയും തിരിതെളിക്കലും വിശുദ്ധവർഷത്തിന്റെ ലോഗോ പ്രകാശനവും പ്രസ്തുത ദിവസം നടത്തണമെന്നും ഞാൻ അഭ്യർഥിക്കുന്നു. അങ്ങനെ, രക്ഷയുടെ കവാടമായ (യോഹ 10,7-9) മിശിഹായെ വ്യക്തിപരമായി കണ്ടുമുട്ടാനുള്ള അവസരമായി ഈ വിശുദ്ധ വർഷം മാറട്ടെയെന്ന് ആത്മാർഥമായി പ്രാർഥിക്കുകയും ചെയ്യുന്നു.

സഭയുടെ സാധാരണ ജൂബിലിവർഷത്തിൽ ആചരിക്കുന്നതുപോലെ കത്തീഡ്രലിലെ വിശുദ്ധ കവാടം തുറക്കുന്നതും അതിലൂടെ പ്രാർഥനാനിർഭരമായി പ്രവേശിക്കുന്നതും, പുണ്യസ്ഥലങ്ങളിലേക്ക് തീർഥാടനം നടത്തുന്നതും കാരുണ്യപ്രവർത്തികൾ ചെയ്യുന്നതു മെല്ലാം ദൈവകൃപ സ്വീകരിക്കാനുള്ള നമ്മുടെ സന്നദ്ധതയെ വെളിപ്പെടുത്തുന്നു. വിശുദ്ധകവാടം, മിശിഹാ മനുഷ്യരാശിക്ക് തുറന്നുകൊടുത്ത രക്ഷയിലേക്കുള്ള പാതയെയും, നവീനവും ശാശ്വതവുമായ ജീവിതത്തിലേക്കുള്ള പ്രവേശനത്തെയും സൂചിപ്പിക്കുന്നുവെന്ന് ഫ്രാൻസിസ് മാർപാപ്പ ജൂബിലിയെ സംബന്ധിച്ച് പുറപ്പെടുവിച്ച തിരുവെഴുത്തിൽ വ്യക്തമാക്കുന്നുണ്ട് (*Spes non Confundit*). കർത്താവിന്റെ രക്ഷാകര രഹസ്യങ്ങളെ അനുസ്മരിച്ചുകൊണ്ട് വിശുദ്ധവാതിലിലൂടെ പ്രവേശിക്കേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയും പഠിപ്പിക്കുന്നു. ഈ വിശുദ്ധ വാതിൽ നല്ല ഇടയനായ ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു. "ഞാനാണ് വാതിൽ; എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും" (യോഹ 10,9).

സഭ പഠിപ്പിക്കുന്ന നിയതമായ അനുഷ്ഠാനങ്ങളിലൂടെ ഈ വിശുദ്ധവത്സരത്തിൽ പൂർണ ദണ്ഡവിമോചനം പ്രാപിക്കാനും ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്. നമ്മുടെ ആത്മരക്ഷയ്ക്കാണ്, സഭ ഇപ്രകാരം ഒരു സൗകര്യം ഒരുക്കുന്നത്. വി.കുമ്പസാരത്തിലൂടെ ക്രിസ്തു വിന്റെ കാരുണ്യത്തിന്റെ മുഖം ദർശിക്കാനും നന്മ പ്രവർത്തികളിലൂടെ സമൂഹത്തിൽ പ്രത്യാശയുടെ അടയാളങ്ങളാകാനും ജൂബിലിവർഷത്തിൽ നമുക്ക് സാധിക്കട്ടെ. കുടുംബങ്ങളുടെ നവീകരണത്തോടൊപ്പം ഇടവകയിലെ സംഘടനകളും സ്ഥാപനങ്ങളും തീർഥാടനകേ

ന്ദ്രങ്ങൾ സന്ദർശിച്ച് പ്രേഷിത തീക്ഷണതയാൽ വളരുവാനും ശ്രമിക്കുമല്ലോ. വളരെദൂരം യാത്രചെയ്ത് പുണ്യസ്ഥലങ്ങൾ സന്ദർശിക്കാൻ ബുദ്ധിമുട്ടുള്ള വർക്കും അതിന് സാധിക്കാത്തവർക്കും നമ്മുടെ കത്തിഡ്രൽ പള്ളി കൂടാതെ, കോടഞ്ചേരി മരിയൻ തീർഥാടനകേന്ദ്രവും കുളത്തുവയൽ കുടിയേറ്റ തീർഥാട നകേന്ദ്രവും ദണ്ഡവിമോചനം പ്രാപിക്കാനും ജൂബിലിയുടെ ദൈവകൃപ സ്വീക രിക്കാനുമുള്ള വിശുദ്ധസ്ഥലങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് ഞാൻ നിങ്ങളെ സന്തോഷപൂർവം അറിയിക്കുകയാണ്.

യുദ്ധവും കലാപവും ദാരിദ്ര്യവും അരക്ഷിതാവസ്ഥയും മൂലം ക്ലേശമനുഭ വിക്കുന്ന എല്ലാ ജനതയ്ക്കും സഭയുടെ ജൂബിലി വർഷമായ 2025, അനുഗ്രഹ ത്തിന്റെയും ദൈവകൃപയുടെയും നിമിഷമാകട്ടെയെന്ന് നാം ഒന്നുചേർന്ന് പ്രാർഥി ക്കണം. റൂബി ജൂബിലി യിലും മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദിയിലുമാ യിരിക്കുന്ന നമ്മുടെ രൂപതയേയും കൃതജ്ഞതയോടെ ദൈവതിരുമുൻപിൽ സമർപ്പിക്കാം. പ്രത്യാശയുടെ തീർഥാടകരാണ് നമ്മൾ എന്ന അവബോധത്തിൽ ക്രിസ്തുവിന്റെ യഥാർഥ പ്രേഷിതരായി മാറാൻ, പരിശുദ്ധ കന്യകാമറിയത്തി ന്റെയും വി. യൗസേപ്പിതാവിന്റെയും രൂപത മധ്യസ്ഥയായ വി. അൽഫോൻസ യുടെയും സഹായവും സംരക്ഷണവും നമുക്കുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
**താമരശ്ശേരി രൂപതയുടെ മെത്രാൻ**

# കച്ചേരിക്കാര്യം

## 1. സീറോ മലബാർ പ്രേഷിതവാരം, പ്രേഷിത ഞായർ പ്രത്യേക പിരിവ്

2025 ജനുവരി 6-ാം തീയതി മുതൽ 12-ാം തീയതി വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുന്നു. ഈ ദിവസങ്ങളിൽ സഭയുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുവാനും പരിചയപ്പെടാനും പരിശ്രമിക്കാം. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

## 2. സഭൈക്യവാരം

2025 ജനുവരി 18 മുതൽ 25 വരെ സഭൈക്യവാരമായി ആചരിക്കുന്നു. സഭകളുടെ ഐക്യം ഫലപ്രദമായ സുവിശേഷ പ്രഘോഷണത്തിന് ആവശ്യമായിത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ ഐക്യത്തോടും ഉപവിയോടും കൂടി പ്രവർത്തിക്കാനുള്ള സാഹചര്യം രൂപീകരിക്കുന്നതിന് പ്രയോജനപ്പെടുത്താം.

## 3. സ്റ്റാറ്റിസ്റ്റിക്കൽ ഫോം

നമ്മുടെ ഇടവകകളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരശേഖരണത്തിന്റെ ഭാഗമായി എല്ലാ വർഷവും അയ്ക്കുന്ന നിർദ്ദിഷ്ടഫോം ഈ വർഷവും നൽകിയിട്ടുണ്ട്. ജനുവരി 15ന് മുമ്പായി ഈ ഫോം പൂരിപ്പിച്ച് ചാൻസലറുടെ പേരിൽ അയച്ചു തരേണ്ടതാണ്.

## 4. വൈദികരുടെ അലവൻസ് വർദ്ധനവ്

മലബാർ പ്രൊവിൻസിലെ സീറോ മലബാർ ഇന്റർ ഡയസിഷൻ കൂരിയായുടെ തീരുമാനപ്രകാരം 2025 ജനുവരി മാസം പ്രാബല്യമാകുന്ന രീതിയിൽ വൈദികരുടെ അലവൻസ് 16000 രൂപയാകും (ഇൻക്രിമെന്റോടെ).

## 4. നവവൈദികരുടെ സംഗമം

താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് ഈ വർഷം വൈദികപട്ടം സ്വീകരിച്ച എല്ലാവരുടെയും ഒരു സംഗമം ജനുവരി 5-ാം തീയതി ഞായറാഴ്ച വൈകിട്ട് 7 മണിക്ക് രൂപതാഭവനിൽ വെച്ച് നടത്തുന്നു. രൂപതയ്ക്കുവേണ്ടിയും മറ്റ് രൂപതകൾക്കുവേണ്ടിയും സന്യാസസമൂഹങ്ങൾക്കുവേണ്ടിയും തിരുപ്പട്ടം സ്വീകരിച്ച എല്ലാവരെയും ഈ സംഗമത്തിൽ പങ്കെടുപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 6. ജൂനിയർ ക്ലർജി സെമിനാർ

2024 ജനുവരി 20 മുതൽ 22 വരെ ജൂനിയർ ക്ലർജി സെമിനാർ ക്രമീകരിച്ചിരിക്കുന്നു. ലിസ്റ്റിലുള്ള എല്ലാ വൈദികരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

1 Antheenattu Joseph
2 Cheeramattathil Sebastian
3 Cherusseril Kurian
4 Chirathalackal Joseph
5 Kalappurackal Joseph
6 Karintholil George
7 Kiliyanparambil Joseph
8 Kochukaipayil Kuriakose
9 Kochumuriyil Thomas
10 Kottackal Mathew
11 Koyipurath Jacob
12 Kudiyirickal Thomas
13 Kumpuckal George
14 Mangalamadathil Mathew
15 Mattappillil Sebastian
16 Mundackal Chacko
17 Narivelil George
18 Panackal Varghese
19 Panthaladickal Joseph
20 Poothermannil Peter
21 Poovathinkal Paul
22 Pulayanparambil Thomas
23 Purayidathil George
24 Puthanpurackal Joseph
25 Puthenveettil Kuriakose
26 Srambickal Abraham
27 Thekkekkaramattathil Mathew
28 Thoomullil Mathew
29 Vallikunnel James
30 Vellackakudiyil George
31 Vellaramkalayil George
32 Vettukallel Joseph
33 Vilangupara Joseph

### 7. പുതിയ മേൽവിലാസം

**HGN** സന്യാസസമൂഹത്തിന്റെ പുതിയ ഭവനം ഈസ്റ്റ്ഹിൽ ഇടവകയിൽ ആരംഭിച്ചിരിക്കുന്നു.

A12, Gandi Nagar Colony, Chungam, West Hill
Calicut, Kerala þ 673005, Mob. 8848136751

### 8. തിരുക്കർമ്മങ്ങളുടെ (പടിസാധനം) പുതുക്കിയ നിരക്ക്

കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ തീരുമാനപ്രകാരവും തലശ്ശേരിയിൽ കൂടിയ *ഇന്റർ ഡയസിഷൻ കൂരിയാ* സമ്മേളനത്തിന്റെ വെളിച്ചത്തിലും തിരുക്കർമ്മങ്ങളുടെ (പടിസാധനം) പുതുക്കിയ നിരക്ക് ഇതോടൊപ്പം നൽകുന്നു. 2025 ജനുവരി 01 മുതൽ വി.കുർബാന ഒഴികെയുള്ള തിരുക്കർമ്മങ്ങളുടെ പുതുക്കിയ നിരക്ക് നിലവിൽ വരും. കുർബാന ധർമ്മത്തിന്റെ പുതുക്കിയ നിരക്ക് കെ.സി.ബി.സിയുടെ നിർദ്ദേശപ്രകാരം 2025 ഏപ്രിൽ 01 മുതലാണ് ആരംഭിക്കുന്നത്.

| പുതുക്കിയ നിരക്ക് | | | | |
|---|---|---|---|---|
| ഇനങ്ങൾ | നിരക്ക് | കാർമ്മികന് | കപ്യാർക്ക് | പള്ളിക്ക് |
| സാധാരണ കുർബാന | 150 | 150 | - | - |
| ആഘോഷമായ കുർബാന | 250 | 210 | 40 | - |
| റാസ കുർബാന | 1500 | 700 (മുഖ്യകാർമികന്) സഹകാർമികർക്ക് 350 X 2 | 100 | - |
| ഗ്രിഗോറിയൻ കുർബാന | 7500 | 7500 | - | - |
| നിത്യ കുർബാന | 10,000 | നിലവിലുള്ള കുർബാന ധർമ്മ ത്തിന്റെ ഇരട്ടി | - | 10,000 FD ആയി നിക്ഷേപിക്കണം |
| കഴുന്ന്, മുടി, അടിമ | 50 | - | - | 50 |
| ഒപ്പീസ്, (പള്ളിയിൽ) | 30 | 20 | 10 | - |
| ഒപ്പീസ്, (സെമിത്തേരിയിൽ) | 50 | 30 | 20 | - |
| നൊവേന | 150 | - | - | 150 |
| ലദീഞ്ഞ് | 100 | - | - | 100 |

## 9. ആദരാഞ്ജലി


പാറോപ്പടി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്യുന്ന ബഹു. ബിനോയി ചുനയൻമാക്കൽ CMF അച്ചന്റെ പിതാവ് **മാത്യു ചാണ്ടി ചുനയൻമാക്കൽ** (88) 2024 ഡിസംബർ 1-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2-ാം തീയതി തിങ്കളാഴ്ച തലശ്ശേരി അതിരൂപതയിലെ പൊട്ടൻപ്ലാവ് സെന്റ് ജോസഫ്സ് ഇടവകയിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു. സന്തപ്ത കുടുംബാംഗങ്ങളോട് പ്രത്യേകിച്ച് ബഹു. ബിനോയി അച്ചനോടും രൂപതയുടെ അനുശോചനവും പ്രാർത്ഥനകളും അറിയിക്കുകയും പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബഹു. ജോസഫ് എടക്കാട്ടിൽ അച്ചന്റെ പിതാവ് **ജോസഫ് (ഔസേപ്പച്ചൻ) എടക്കാട്ടിൽ** (84) 2024 ഡിസംബർ 7-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 10-ാം തീയതി ചൊവ്വാഴ്ച വിലങ്ങാട് ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോട് പ്രത്യേകിച്ച് ബഹു. ജോസഫച്ചനോടും രൂപതയുടെ അനുശോചനവും പ്രാർത്ഥനകളും അറിയിക്കുകയും പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 10. സ്മരണാഞ്ജലി

| | | |
|---|---|---|
| 06-01-1979 | - | റവ. ഫാ. ജോസഫ് പരിയാരം |
| 10-01-1994 | - | റവ. ഫാ. ഫൗസ്റ്റിൻ സി.എം.ഐ. |
| 18-01-1960 | - | റവ. ഫാ. കെറൂബിൻ സി.എം.ഐ. |
| 18-01-1989 | - | റവ. ഫാ. ബെർനാർഡിൻ സി.എം.ഐ. |
| **21-01-2016** | **-** | **റവ. ഫാ. ജോസഫ് മൈലാടൂർ** |
| 31-01-1986 | - | റവ. ഫാ. അബ്രാഹം പൊരുന്നോലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# ഫാ. എഫ്രേം പൊട്ടനാനിക്കൽ ഒരോർമ്മ...



1940 ഫെബ്രുവരി 25ന് കോട്ടയം ജില്ലയിലെ ആനിക്കാട്, പൊട്ടനാനിയ് ക്കൽ തോമസ് - ഏലിക്കുട്ടി ദമ്പതിക ളുടെ പത്ത് മക്കളിൽ ഒമ്പതാമനായി ജനിച്ചു. പിന്നീട് മലബാറിലെ കൂടത്തായിലേക്ക് കുടിയേറിയ അച്ചന്റെ പ്രാഥമിക വിദ്യാഭ്യാസം കൂടത്തായി, കോടഞ്ചേരി സ്കൂളുക ളിൽ പൂർത്തി യാക്കി. ഹൈസ്ക്കൂൾ വിദ്യാഭ്യാസം തൃശ്ശൂർ എൽത്തുരുത്ത് സെന്റ് അലോ ഷ്യസ് സ്കൂളിൽ പൂർത്തിയാക്കിയ ശേഷം തലശ്ശേരി രൂപതയുടെ കുന്നോത്ത് മൈനർ സെമിനാരിയിൽ സെമിനാരി പഠനം ആരംഭിച്ചു. തുടർന്ന് ഫിലോസഫി, തിയോളജി പഠന ങ്ങൾക്കായി കാർമ്മൽഗിരി, മംഗലപ്പുഴ മേജർ സെമിനാരികളിലേക്ക് അയക്കപ്പെട്ടു. വൈദിക പരിശീലനത്തിനൊടു വിൽ തലശ്ശേരി സെമിനാരി ചാപ്പലിൽ വെച്ച് 1967 ഡിസംബർ 17ന്, അവിഭക്ത തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പി ള്ളിയിൽ നിന്ന് വൈദികപട്ടം സ്വീകരിക്കുകയും 1967 ഡിസംബർ 18 ന് വേനപ്പാറ പള്ളിയിൽ വെച്ച് പ്രഥമ ദിവ്യബലിയർ പ്പിക്കുകയും ചെയ്തു.

1968 ൽ സുൽത്താൻ ബത്തേരി ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി അജപാലന ശുശ്രൂഷ ആരംഭിച്ച എഫ്രേം അച്ചൻ റിപ്പൺ, അമ്പലവയൽ, വാകേരി, വാളവയൽ, വടക്കനാട് കുരിശുപള്ളികളുടെ ഉത്തരവാദിത്വവും നിർവ്വഹിച്ചിരുന്നു. 1969 മുതൽ 1973 വരെയുള്ള കാലഘട്ടത്തിൽ പൂതംപാറ ഇടവകയിൽ വികാരിയായി സേവനം ചെയ്തു. ഇതേ സമയം തന്നെ കരിങ്ങാട് സ്റ്റേഷൻ പള്ളിയുടെ ചുമതലയും നിർവഹിച്ചിരുന്നു. തുടർന്ന് 1973 മുതൽ 1977 വരെ തലശ്ശേരി രൂപതയിലെ മാങ്ങോട് ഇടവകയിൽ വികാരിയായി. 1977ൽ ചന്ദനക്കാംപാറ ഇടവകയിൽ വികാരിയും ആഡ്യംപാറ, കാഞ്ഞിരക്കൊല്ലി സ്റ്റേഷനുകളുടെ ഇൻചാർജ്ജും ആയിരുന്നു. തുടർന്ന് 1981ൽ പാണത്തൂർ ഇടവകയിലും 1984ൽ മഞ്ഞുവയൽ ഇടവകയിലും 1988ൽ തിരൂർ ഇടവകയിലും വികാരിയായി. തിരുർ ഇടവകയിൽ സേവനം ചെയ്യുമ്പോൾ കുറ്റിപ്പുറം, പരപ്പനങ്ങാടി എന്നീ സ്റ്റേഷൻ പള്ളികളുടെ ചുമതലയും വഹിച്ചിരുന്നു. തുടർന്ന് 1993 ൽ കുളത്തുവയൽ, 1996ൽ കരുവാരക്കുണ്ട്, 2000ൽ അശോകപുരം, 2004 ൽ പാറോപ്പടി, 2007ൽ പുല്ലൂരാംപാറ, 2012ൽ മലപ്പുറം, 2014 ൽ കണ്ണോത്ത് എന്നീ

ഇടവകകളിൽ വികാരിയായി സേവനം ചെയ്തു.

കമ്മ്യൂണിക്കേഷൻ മീഡിയ, ബൈബിൾ അപ്പസ്തോലേറ്റ്, ജീവൻ ടി.വി. കോർഡിനേറ്റർ എന്നീ നിലകളിലും അച്ചൻ സേവനം ചെയ്തിരുന്നു. 2000ൽ നവീകരണ പ്രസ്ഥാനത്തിന്റെ ഡയറക്ടറായി നിയമി തനായ എഫ്രേം അച്ചൻ, കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തി നായി പിന്നീടുള്ള ജീവിതം ഉഴിഞ്ഞുവെച്ചു. താമരശ്ശേരി രൂപതയിലും കത്തോലിക്കാ സഭയിലും നവീകരണ മുന്നേറ്റത്തിൽ ബഹുമാനപ്പെട്ട പൊട്ടനാനിക്കൽ അച്ചന്റെ നാമം വിസ്മരിക്കാനാവുന്നതല്ല. 2018ൽ കണ്ണോത്ത് ഇടവകയിൽ നിന്നും ഔദ്യോഗിക അജപാലന ജീവിതത്തിൽ നിന്ന് വിരമിച്ച് ഈരുട് വിയാനി വൈദിക മന്ദിരത്തിലേക്ക് വിശ്രമജീവിതത്തിനായി സ്ഥലം മാറി. വിശ്രമജീവിതം നയി ക്കുമ്പോഴും കുളത്തുവയൽ നിർമ്മല റിട്രീറ്റ് സെന്ററിൽ (NRC) ആദ്ധ്യാ ത്മിക പിതാവായി സേവനം ചെയ്തിട്ടുണ്ട്.

84 വർഷം ഈ ഭൂമിയിൽ തന്നെ എല്പിച്ച ദൗത്യങ്ങൾ വിശ്വസ്ത തയോടെ നിർവ്വഹിച്ച്, നല്ലവണ്ണം യുദ്ധം ചെയ്ത്, ഓട്ടം പൂർത്തി യാക്കി, വിശ്വാസം സംരക്ഷിച്ച് നീതിയുടെ ന്യായാധിപന്റെ അടുക്ക ലേക്ക് എഫ്രേം പൊട്ടനാനിക്കൽ അച്ചൻ യാത്രയായിരിക്കുന്നു. അച്ചനെ അറിയാവുന്നവർക്കെല്ലാം ഒരുപാട് നല്ല ഓർമ്മകൾ മാത്രം സമ്മാനിച്ച ഒരു നല്ല ഇടയനായിരുന്നു പൊട്ടനാനിക്കൽ അച്ചൻ. ആർഭാടങ്ങളോ ആരവങ്ങളോ ഇല്ലാതെ പുഞ്ചിരിയോടെ എല്ലാവരോടും ഇടപഴകിയിരുന്ന, ലാളിത്യത്തിന്റെ ഉദാത്ത മാതൃക സമ്മാനിച്ച്, വി. കുർബ്ബാന യേയും വി. കുമ്പസാരത്തേയും ഉള്ളുതുറന്ന് സ്നേഹിക്കുകയും ചെയ്ത ധന്യമായ ജീവിതത്തിന്റെ ഉടമയെ യാണ് താമരശ്ശേരി രൂപതയ്ക്കും തിരുസ്സഭയ്ക്കും പൊട്ടനാനിക്കൽ കുടുംബത്തിനും കൂടത്തായി ഇടവകയ്ക്കും നഷ്ടമായിരിക്കുന്നത്. അച്ചന്റെ പ്രാർത്ഥനയും വി. കുർബ്ബാനയോടും വി. കുമ്പ സാരത്തോടുമുള്ള അദ്ദേഹത്തിന്റെ സ്നേഹം ഏവരും ശരിവെക്കുന്ന ഒന്നാണ്. ആദ്യമായി കാണുന്നവരോട് പോലും വളരെ നാളത്തെ പരിചയമുള്ള വരായിക്കണ്ട് സംസാരിക്കുന്നതായിരുന്നു പൊട്ടനാ നിക്കൽ അച്ചന്റെ ശൈലി. എല്ലാവരോടും പുഞ്ചിരിയോടെ, ശാന്തമായി, സ്നേഹത്തോടെ സംസാരിച്ചിരുന്ന, അജപാലകനെയാണ് ബഹുമാനപ്പെട്ട എഫ്രേം പൊട്ടനാനിക്കൽ അച്ചന്റെ വിയോ ഗത്തോടെ നമുക്ക് നഷ്ടപ്പെട്ടത്.

2024 ഡിസംബർ 18 ന്, തന്നെ ഇത്രയുംനാൾ പരിപാലിച്ച ദിവ്യനാഥനോട് ചേരാൻ എഫ്രേം അച്ചൻ വിളിക്കപ്പെട്ടു. 1967 ഡിസംബർ 18 നാണ് ബഹുമാനപ്പെട്ട എഫ്രേം പൊട്ടനാനിക്കൽ അച്ചൻ പ്രഥമ ദിവ്യബലിയർപ്പിച്ചത്. തന്റെ പ്രഥമ ദിവ്യബലിയർപ്പണ ദിവസംതന്നെ അദ്ദേഹം യാത്രയായത് ദൈവത്തിന്റെ പരി പാലനയും അദ്ദേഹത്തിന്റെ നല്ലിടയ ദൗത്യത്തിന് സ്വർഗം ചാർത്തിയ മുദ്രയു മായിരുന്നു.

# വിശ്വാസപരിശീലനം

## Power Cell - 14

നവംബർ 25 തിങ്കളാഴ്ച്ച കരിമ്പ് സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ പുല്ലൂരാംപാറ, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ് എന്നീ ഇടവകകളിൽ നിന്നും 56 മതാധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സ് അധ്യാപകരെ പുതിയ ബോധ്യത്തിലേക്ക് നയിച്ചു.

## Sunday School Visit - കല്ലുരുട്ടി

ഡിസംബർ 1 ഞായറാഴ്ച്ച കല്ലുരുട്ടി ഇടവകയിൽ രൂപത മതബോധന ഡയറക്ടർ ഫാ. ജോൺ പള്ളിക്കാവയലിൽ സന്ദർശനം നടത്തുകയും. വി.ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, കുട്ടികൾക്ക് സന്ദേശം നല്കുകയും, മതാധ്യാപകരെ കണ്ട് വിശ്വാസപരിശീലനം കൂടുതൽ ശക്തമാക്കാൻ നിർദേശങ്ങൾ നൽകി.

## Power Cell - 15 കല്ലുരുട്ടി

ഡിസംബർ 2 തിങ്കളാഴ്ച്ച കല്ലുരുട്ടി സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ തിരുവമ്പാടി, മുക്കം, കല്ലുരുട്ടി, വേനപ്പാറ, തേക്കുംകുറ്റി എന്നീ ഇടവകകളിൽ നിന്നും 80 മതാധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സ് അധ്യാപകർക്ക് അനുഗ്രഹപ്രദമായിരുന്നു.

## Faith @ Home കൂടത്തായി

ഡിസംബർ 4 ബുധനാഴ്ച്ച കൂടത്തായി ഇടവകയിൽ മാതാപിതാക്കൾക്കായുള്ള Parental Catechesis പ്രോഗ്രാം നടന്നു. 75 മാതാപിതാക്കൾ പ്രോഗ്രാമിൽ പങ്കെടുത്തു. ബഹു. വികാരിയച്ചൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. താമരശ്ശേരി റിസോഴ്സ് ടീം ക്ലാസ്സുകൾ എടുത്തു.

## Adult Catechesis (Divine Mercy Retreat)

മുതിർന്നവർക്കായുള്ള മൂന്നു ദിവസത്തെ Divine Mercy Retreat പന്തല്ലൂർ ഇടവകയിൽ നടന്നു. 250 ഇടവക ജനങ്ങൾ പങ്കെടുത്തു.

## Power Cell - 16 ബാലുശ്ശേരി

ഡിസംബർ 7 ശനിയാഴ്ച്ച ബാലുശ്ശേരി ഇടവകയിൽ നടന്ന Power Cell പ്രോഗ്രാമിൽ താമരശ്ശേരി, കൂടത്തായി, ബാലുശ്ശേരി, ചമൽ, കട്ടിപ്പാറ, കൂമുള്ളി, വയലിട എന്നീ ഇടവകകളിൽ നിന്നും 82 വിശ്വാസപരിശീലകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സ് മതാധ്യാപകർക്ക് ഏറെ അനുഗ്രഹപ്രദമായിരുന്നു.

## Power Cell - 17 മഞ്ഞക്കുന്ന്

ഡിസംബർ 9 തിങ്കളാഴ്ച്ച മഞ്ഞക്കുന്ന് സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ വിലങ്ങാട്, വാളൂക്ക്, പാലൂർ, വടകര എന്നീ ഇടവകകളിൽ നിന്നും 52 മതാധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവ് അധ്യാപകർക്ക് ക്ലാസ്സ് എടുത്തു.

## Power Cell - 18 ചുണ്ടത്തുംപൊയിൽ

ഡിസംബർ 11 ബുധനാഴ്ച്ച ചുണ്ടത്തുംപൊയിൽ ഇടവകയിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ ചുണ്ടത്തുംപൊയിൽ, തോട്ടുമുക്കം, പനംപ്ലാവ്, മരംചാട്ടി, വാലില്ലാപ്പുഴ, വെറ്റിലപ്പാറ എന്നീ ഇടവകകളിൽ നിന്നും 84 മതാധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സ് അധ്യാപകരെ പുതിയ ബോധ്യത്തിലേക്ക് നയിച്ചു.

## Power Cell - 19 കരിയാത്തുംപാറ

ഡിസംബർ 12 വ്യാഴാഴ്ച്ച കരിയാത്തുംപാറ ഇടവകയിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ കരിയാത്തുംപാറ, കക്കയം, കല്ലാനോട്, തലയാട് എന്നീ ഇടവകകളിൽ നിന്നും 52 മതാധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവിന്റെ ക്ലാസ്സ് മതാധ്യാപകർക്ക് ഏറെ അനുഗ്രഹപ്രദമായിരുന്നു.

## ഓൺലൈൻ രൂപതാ മതബോധന കമ്മിറ്റി

ഈ വർഷത്തെ രൂപതാ മതബോധന കമ്മിറ്റി 2024 ഡിസംബർ 14 ശനിയാഴ്ച്ച ഓൺലൈൻ ആയി നടന്നു. അഭിവന്ദ്യ പിതാവ് മീറ്റിങ്ങിന് അദ്ധ്യക്ഷം വഹിക്കുകയും, സന്ദേശം നൽകുകയും ചെയ്തു. 39 അംഗങ്ങൾ മീറ്റിങ്ങിൽ പങ്കെടുത്തു. മീറ്റിങ്ങിൽ ഈ വിശ്വാസപരിശീലന വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, വിശ്വാസപരിശീലനം സജീവമാക്കാനുള്ള ക്രിയാത്മകമായ നിർദേശങ്ങൾ മീറ്റിങ്ങിൽ എടുക്കുകയും ചെയ്തു.

## കെ. എം ജോസഫ് സാറിന് ആദരാഞ്ജലികൾ

വിശ്വാസപരിശീലന ശുശ്രൂഷയിൽ കഴിഞ്ഞ 45 വർഷം സ്തുത്യർഹമായ സേവനം ചെയ്തു അകാലത്തിൽ നിത്യതയിലേക്ക് യാത്രയായ കെ. എം ജോസഫ് കല്ലംപ്ലാക്കൽ സാറിന് (68) ആദരാഞ്ജലികൾ. രൂപതാ സമിതി മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് അനുശോചനം അറിയിച്ചു.

## പ്രൊമോഷൻ റിപ്പോർട്ടുകൾ സമർപ്പിച്ചു

സൺഡേ സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി പ്രൊമോട്ടേഴ്സ് രൂപതയിലെ സൺഡേ സ്കൂളുകൾ സന്ദർശിക്കുകയും,ഓരോ സൺഡേ സ്കൂളിന്റെയും പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തി രൂപതയിൽ റിപ്പോർട്ടുകൾ നൽകുകയും ചെയ്തു.

## Mission Quest

സീറോ മലബാർ തലത്തിൽ നടന്ന മിഷൻ ക്വസ്റ്റ് ക്വിസ് മത്സരത്തിൽ താമരശ്ശേരി രൂപതയിൽ നിന്ന് ജൂനിയർ സീനിയർ വിഭാഗത്തിൽ നിന്ന് നിരവധി പേർ പങ്കെടുത്തു. ജൂനിയർ സീനിയർ വിഭാഗങ്ങളിൽ വിജയികളായവരുടെ പേരു വിവരങ്ങൾ താഴെ കൊടുക്കുന്നു.

### Students

I Don Joby Nariveliputhiyedath — Sacred Heart Church , Thiruvambady

II Deon Joby Nariveliputhiyedath — Sacred Heart Church , Thiruvambady

III Ann Mariya Boby Chettakarickal — St. Thomas Church, P T Chacko Nagar

### Adults

I Sonu Jomon Pazhiyankal — Fathima Matha Church ,Thekkumkutty

II Shiny Sebastian Thamarakkattu — Sacred Heart Church ,Thiruvambady

III Sr. Bini DST — St.Joseph's Church, Malaparamba

## Faith @ Home - ഈങ്ങാപ്പുഴ

വിശ്വാസം പരിശീലിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി ഒരുക്കിയ Parental Catechesis പ്രോഗ്രാം ഈങ്ങാപ്പുഴ ഇടവകയിൽ നടന്നു. 42 മാതാപിതാക്കൾ പങ്കെടുത്തു.

## Faith @ Home - വേനപ്പാറ

കുപ്പായക്കോട് ഇടവകയിൽ Parental Catechesis പ്രോഗ്രാം നടന്നു. 110 മാതാപിതാക്കൾ പങ്കെടുത്തു. കുടുംബവിശ്വാസപരിശീലനത്തെ കുറിച്ച് മാതാപിതാക്കളെ പുതിയ ബോധ്യങ്ങളിലേക്ക് നയിക്കാൻ സാധിച്ചു.

## Power Cell - 19

നവംബർ 14 വ്യാഴാഴ്ച്ച കടലുണ്ടി സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ തേഞ്ഞിപ്പാലം, കടലുണ്ടി, കുണ്ടായ്ത്തോട്, പരപ്പനങ്ങാടി എന്നീ ഇടവകകളിൽ നിന്നും 33 അധ്യാപകർ പങ്കെടുത്തു. അഭിവന്ദ്യ പിതാവ് അധ്യാപകർക്ക് ക്ലാസ്സെടുത്തു.

## ACC 13,14,15 Online Class

ACC 13 : 'വിവാഹേതര ബന്ധവും സഭയുടെ കാഴ്ച്ചപ്പാടും' എന്ന വിഷയത്തെ കുറിച്ച് ഫാ. ചെറിയാൻ പൊങ്ങൻപാറ, 'ഇതര മതങ്ങൾ സഭയുടെ കാഴ്ച്ചപ്പാടിൽ' എന്ന വിഷയത്തെ കുറിച്ച് ഫാ. ഡോ. ജേക്കബ് അരീത്തറ ക്ലാസ്സ് എടുത്തു.

ACC 14 : 'ലൈംഗിക ധാർമ്മികത ഭാഗം - 2' എന്ന വിഷയത്തെ കുറിച്ച് സണ്ണി കോക്കാപ്പിള്ളി, 'മറിയത്തോടുള്ള അപേക്ഷകൾ'എന്ന വിഷയത്തെ കുറിച്ച് സി. ഡോ. റോസ്മിൻ മരിയ സി എം സി ക്ലാസ്സ് എടുത്തു.

ACC 15 : 'പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവം, മറിയത്തിന്റെ സംജ്ഞകൾ' എന്ന വിഷയങ്ങളെ കുറിച്ച് മി.ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു.

## Media Catechesis

Faith Step : കൂടരഞ്ഞി, കല്ലുരുട്ടി, ഇടവകകളിൽ വിശ്വാസപരിശീ ലന മേഖലയിൽ നടത്തിയ പുതിയ ചുവടുവയ്പ്പുകളെകുറിച്ച് പ്രധാനാധ്യാപകർ സംസാരിച്ചു. കൂടരഞ്ഞി സൺഡേ സ്കൂളിൽ Re - Connect എന്ന പേരിൽ +1, +2 കുട്ടികൾക്കായുള്ള താമസിച്ചുള്ള സംഗമവും, കല്ലുരുട്ടിയിൽ 4-ാം ക്ലാസ്സ് മുതൽ മുകളിലേക്കുള്ള എല്ലാ കുട്ടികൾക്കും സമ്പൂർണ്ണ ബൈബിൾ സൗജന്യമായി നൽകുന്ന ക്രമീകരണവും വളരെ ശ്രദ്ധേയമായി.

### വീഡിയോകൾ

ACC 13,14,15 ന്റെ Online ക്ലാസ്സുകൾ, Power Cell , Sunday School Visit, Faith @Home, എന്നിവയുടെ വീഡിയോകൾ കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

### സീറോ മലബാർ സഭാതല പ്രതിഭാസംഗമം - STD - XII

സീറോ മലബാർ സഭാതല പ്രതിഭാസംഗമം 2024 ഡിസംബർ 29, 30, 31 തിയതികളിൽ കക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടക്കുന്നതാണ്. രൂപതയിൽനിന്നും STD 12 ലെ 4 കുട്ടികൾ പ്രതിഭാസംഗമത്തിൽ പങ്കെടുക്കുന്നു.

### ജനുവരി 2025 പ്രോഗ്രാം

| | | |
|---|---|---|
| 01-01-25 ബുധൻ | - | വർഷാരംഭം |
| 02-01-25 | - | Power Cell - 21 : കക്കാടംപൊയിൽ സെന്റർ (കക്കാടംപൊയിൽ, വെണ്ടേക്കുംപൊയിൽ, പീടികപ്പാറ, കോനൂർക്കണ്ടി, പുഷ്പഗിരി) |

| | | | |
|---|---|---|---|
| 03-01-25 | വെള്ളി | - | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 05-01-25 | ഞായർ | - | പിറവിക്കാലം 2-ാം ഞായർ |
| 06-01-25 | തിങ്കൾ | - | ദനഹാ തിരുനാൾ |
| 12-01-25 | ഞായർ | - | ദനഹാക്കാലം 1-ാം ഞായർ<br>ACC 13, 14, 15 Online Class - 15 |
| 18-01-25 | ശനി | - | പ്രധാനാധ്യാപക സംഗമം (ബിഷപ്സ് ഹൗസ് ഓഡിറ്റോറിയം താമരശ്ശേരി)<br>HCC വാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകൾ മേഖലാ കമ്മറ്റിക്കു നൽകുന്നു |
| 19-01-25 | ഞായർ | - | ദനഹാക്കാലം 2-ാം ഞായർ |
| 20-01-25 | തിങ്കൾ | - | Power Cell - 22 : കട്ടാങ്ങൽ സെന്റർ (കുന്ദമംഗലം, ചേവായൂർ, മാവൂർ, ദേവഗിരി, കട്ടാങ്ങൽ)<br>വി. സെബസ്ത്യാനോസ് |
| 25-01-25 | | - | Power Cell - 23 : അശോകപുരം സെന്റർ (അമലാപുരി, ഈസ്റ്റ് ഹിൽ, അശോകപുരം, പാറോപ്പടി, മാങ്കാവ്) |
| 26-01-25 | ഞായർ | - | ദനഹാക്കാലം 3-ാം ഞായർ<br>HCC വാർഷിക പരീക്ഷ (ഇടവകകളിൽ വച്ച്) (2 pm - 4 pm)<br>ACC 13, 14, 15 Online Class - 16 |
| 27-01-25 | തിങ്കൾ | - | HCC വാർഷിക പരീക്ഷയുടെ ഉത്തരക്കടലാസുകൾ ഇടവകകളിൽ നിന്ന് മേഖലാ കമ്മറ്റിക്കു നൽകുന്നു. |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

## ഇടവക സന്ദർശനം

സ്മാർട്ട് സംഘടനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും വിലയിരുത്താനും ഇടവകകൾ സന്ദർശിച്ച് വരുന്നു. ഡിസംബർ 1-ാം തിയ്യതി ചക്കിട്ടപാറ ഇടവകയുടെ ഡിസംബർ 8-ാം തിയ്യതി നൂറാം തോട് ഇടവകയും, ഡിസംബർ 15 -ാം തിയ്യതി മഞ്ഞക്കുന്ന് ഇടവകയും, 22-ാം തിയ്യതി പാത്തിപ്പാറ ഇടവകയും സന്ദർശിച്ചു. ഈ ഇടവകകളിൽ വി. കുർബ്ബാന അർപ്പിക്കുകയും അൾത്താര സംഘത്തെ ഒരുമിച്ചു കൂട്ടി വി.കുർബ്ബാനയിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു.

## ഫൊറോന സംഗമങ്ങൾ

വിലങ്ങാട് ഫൊറോന സംഗമം: അൾത്താര ബാലികാ - ബാലൻ മാരുടെ വിലങ്ങാട് ഫോറോന സംഗമം ഡിസംബർ 15-ാം തിയ്യതി വിലങ്ങാട് പാരിഷ്ഹാളിൽ വെച്ച് നടന്നു. ഫൊറോന വികാരി ഫാ.വിൽസൻ മുട്ടത്തുകുന്നേൽ സംഗമം ഉദ്ഘാടനം ചെയ്തു. 60 കുട്ടികൾ ഫൊറോന സംഗമത്തിൽ പങ്കെടുത്തു. പ്രാർത്ഥനയും ഗെയിമുകളും ക്ലാസ്സുകളുമായി സംഗമം ഉച്ചകഴിഞ്ഞ് 1.45 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4 മണിയോടെ സമാപിച്ചു.

## അനുദിന വചനം

കുട്ടികളെ വചനം പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്മാർ ട്ടിന്റെ എല്ലം വെച്ച് അനുദിന വചന പോസ്റ്റർ തയ്യാറാക്കി അൾത്താര ബാലിക - ബാലന്മാരുടെ ഗ്രൂപ്പുകളിലേക്ക് അയച്ചു നൽകുന്നു.

## ഫൊറോന ഇലക്ഷൻ

സ്മാർട്ട് സംഘടനയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഫൊറോനകളിൽ ഫൊറോന ടീമിന്റെ ഇലക്ഷൻ നടന്നു വരുന്നു. വിലങ്ങാട് ഫൊറോനയിൽ ഇലക്ഷൻ നടത്തുകയും ഫൊറോന ആനിമേറ്ററേയും, കുട്ടികളിൽ നിന്ന് ഫൊറോനയിലേക്കുള്ള വിവിധ തസ്തികകളിൽ ഇലക്ഷൻ നടത്തുകയും ചെയ്തു.

## ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്

അൾത്താര സംഘത്തിലെ കുട്ടികൾക്കായി ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്, രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിന്റെ സഹകരണത്തോടെ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 7.30 മുതൽ 8.30 വരെയാണ് കോഴ്സിന്റെ സമയം.

### സുകൃതമഞ്ജരി

മദ്ബഹാ ശുശ്രൂഷകർക്ക് ക്രിസ്തുമസ്സിനൊരുക്കമായി എല്ലാ ദിവസവും വീഡിയോ സന്ദേശമായി സുകൃതമഞ്ജരികൾ നല്കുന്നു. പാറോപ്പടി ഫൊറോന സ്മാർട്ട് ഡയറക്ടർ ബഹു. അഗസ്റ്റിൻ മച്ചുകുഴി അച്ചനാണ് ഈ വീഡിയോ തയ്യാറാക്കുന്നതിന് അച്ചന് പ്രത്യേകം നന്ദി പറയുന്നു.

### 'എന്റെ ഉണ്ണീശോ'

മദ്ബഹാ ശുശ്രൂഷകർക്കായി ക്രിസ്തുമസ്സിനോടനുബന്ധിച്ച് ക്രിസ്തുമസ്സ് വീഡിയോ സന്ദേശ മത്സരം നടത്തി. മിക്ക ഇടവകകളിൽ നിന്നും കുട്ടികൾ പങ്കെടുക്കുന്നു. പങ്കെടുത്തവർക്ക് അഭിനന്ദനങ്ങൾ.

### സിവിൽ സർവ്വീസ് കോച്ചിംഗ്

എയ്ഡർ ഫൊണ്ടേഷന്റെ നേതൃത്വത്തിൽ സിവിൽ സർവ്വീസ് കോച്ചിംഗ് വെബിനാർ ഡിസംബർ 14ന് രാത്രി 8 മണി മുതൽ 9 മണി വരെ നടത്തുകയുണ്ടായി. സ്മാർട്ട് അംഗങ്ങൾ ഇതിൽ പങ്കെടുത്തു.

**ഫാ. ജോർജ്ജ് പുരയിടത്തിൽ**
ഡയറക്ടർ, SMART

---

## സെമിനാരി വാർത്തകൾ

### കൊന്ത നമസ്കാരം

ഒക്ടോബർ 22 മുതൽ 31 വരെ മൈനർ സെമിനാരിയിൽ വച്ച് ബ്രദേഴ്സിന്റെ നേതൃത്വത്തിൽ ആഘോഷമായ ജപമാല ആചരണം നടത്തി. വിവിധ ബാച്ചുകൾ പരിശുദ്ധ മാതാവിന്റെ രൂപം അലങ്കരിക്കുകയും ജപമാലയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

ജപമാലയുടെ സമാപന ദിനമായ 31-ാം തീയതി ആഘോഷമായ ജപമാല പ്രദക്ഷിണം നടത്തുകയും ബഹു. അബ്രഹാം കൊച്ചിലാത്തച്ചൻ വചന സന്ദേശം നൽകുകയും ചെയ്തു.

### അഖണ്ഡ ജപമാല സമാപനം

പുല്ലുരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്ന അഖണ്ഡ ജപമാലയുടെ സമാപനത്തിൽ മൈനർ സെമിനാരിയിലെ ബ്രദേഴ്സ് പങ്കെടുത്തു.

## ഹോം ഡേ

വൈദിക വിദ്യാർത്ഥികളിലെ, കലാകായിക കഴിവുകൾ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുന്നതിനുമായി, എല്ലാ വർഷവും സെമിനാരിയിൽ നടത്തിവരുന്ന ഹോംഡേ മത്സരങ്ങളിൽ സെമിനാരി വിദ്യാർത്ഥികൾ താൽപ്പര്യത്തോടെ പങ്കുചേർന്നു. നവംബർ 7-ാം തീയതി ഹോംഡേ സമുചിതമായി ആഘോഷിച്ചു . അഭിവന്ദ്യ പിതാവിന്റെ മുഖ്യ കാർമകത്വത്തിൽ വിശുദ്ധ ബലിയർപ്പിച്ചു.

## വാർഷിക ധ്യാനം

മൈനർ സെമിനാരി വിദ്യാർത്ഥികളുടെ ആത്മവിശുദ്ധീകരണവും ജീവിത നവീകരണവും ലക്ഷ്യം വച്ചുകൊണ്ടുള്ള വാർഷികധ്യാനം നവംബർ 18 മുതൽ 23 വരെ നടന്നു. പുതുപ്പാടി വിൻസെൻഷ്യൽ ജൂബിലി ധ്യാന കേന്ദ്രത്തിൽ വച്ച് നടന്ന ധ്യാനത്തിന് ഡയറക്ടർ ഫാ. ബിജു കൂനൻ വി.സി. നേതൃത്വം നൽകി. ധ്യാനം വൈദികവിദ്യാർത്ഥികൾക്ക് ഒരു നല്ല ആദ്ധ്യാത്മിക അനുഭവമായി.

## ക്രിസ്മസ് ഒരുക്കം

ക്രിസ്മസിനോട് അനുബന്ധിച്ച് രണ്ടാം വർഷ വൈദിക വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വളരെ ഭംഗിയും ആകർഷണമുള്ള നക്ഷത്രത്തിന് ദീപം തെളിയിക്കുന്ന കർമ്മം നവംബർ 31 ന് നടത്തി. തുടർന്ന് സുകൃത മഞ്ജരിയുടെ ഉദ്ഘാടനം നടത്തുകയും ചെയ്തു. ഉണ്ണീശോയെ വരവേൽക്കാനുള്ള തയ്യാറെടുപ്പിൽ സെമിനാരി കുടുംബം ഈ ക്രിസ്മസ് കാലത്ത് വേണ്ട ഒരുക്കങ്ങൾ ആരംഭിച്ചു. മൂന്നാം വർഷ വിദ്യാർത്ഥികൾ മനോഹരമായ പുൽക്കൂട് നിർമ്മിച്ചു. ഡിസംബർ ഇരുപതാം തീയതി അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ ക്രിസ്മസ് ആഘോഷങ്ങൾ നടത്തി. പ്രസ്തുത യോഗത്തിൽ വച്ച് ഹോം മത്സരങ്ങളിൽ വിജയിച്ചവർക്ക് അഭിവന്ദ്യ പിതാവ് സമ്മാനങ്ങൾ വിതരണം ചെയ്തു. കുട്ടികളുടെ കയ്യെഴുത്തു മാഗസിൻ 'ഉറവ്' പിതാവ് പ്രകാശനം ചെയ്തു

## ബാസ്ക്കറ്റ്ബോൾ സൗഹൃദ മത്സരം

സനാതന എം സി ബി എസ് മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളും താമരശ്ശേരി രൂപത സ്പോർട്സ് അക്കാദമിയിലെ വൈദികരും തമ്മിൽ ഉള്ള സൗഹൃദ ബാസ്ക്കറ്റ്ബോൾ മത്സരം അൽഫോൻസ സെമിനാരിയുടെ കോർട്ടിൽ വച്ച് നവംബർ പതിനൊന്നാം തീയതി നടത്തി. വാശിയേറിയതും ആവേശഭരിതവുമായ മത്സരം ആയിരുന്ന മത്സരത്തിൽ വൈദികർ വിജയികളായി.

## ക്രിസ്മസ് അവധി

ഈ വർഷത്തെ ക്രിസ്മസ് അവധിക്കായി വൈദിക വിദ്യാർഥികൾ ഡിസംബർ ഇരുപത്തിയൊന്നാം തീയതി സ്വഭവനങ്ങളിലേക്ക് മടങ്ങി. സെമിനാരി റീ ഓപ്പണിങ് ജനുവരി അഞ്ചാം തീയതി ആണ്.

### മേജർ സെമിനാരി കൂട്ടായ്മ

വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർഥികൾ ഡിസംബർ 22 ന് വൈകുന്നേരം 3 മണിയോടെ സെമിനാരിയിൽ എത്തിച്ചേർന്നു. നാലുമണിക്ക് ബാസ്ക്കറ്റ്ബോൾ മത്സരം നടത്തി. തുടർന്ന് ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന ഡിക്കന്മാർക്ക് വേണ്ടി പ്രത്യേക ആരാധന നടത്തി. ഭക്ഷണത്തിനുശേഷം അഭിവന്ദ്യ റെമിജിയോസ് പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ മേജർ സെമിനാരി പരിശീലകരായ ബഹു. ജോൺസൺ നന്തളത്ത് ബഹു. രഞ്ജിത്ത് ചക്കുമൂട്ടിൽ ബഹു. ബിനു അരീത്തറഎന്നിവർ പങ്കെടുത്തു. വിദ്യാർത്ഥികൾ തയ്യാറാക്കിയ സൗഹൃദം മാഗസിൻ പ്രകാശനം ചെയ്തു. വിവിധ സാഹിത്യമത്സരങ്ങളിൽ വിജയികളായവർക്ക് അഭിവന്ദ്യ പിതാവ് ക്യാഷ് അവാർഡ് നൽകി.

### റവ. ഫാ. ജോർജ് ആശാരിപറമ്പിൽ എന്റോവ്മെന്റ്

മേജർ സെമിനാരിയിലും മൈനർ സെമിനാരിയിലുമായി പരിശീലനത്തിൽ ഉള്ള വിവിധ മേഖലകളിൽ കഴിവ് തെളിയിക്കുന്ന താമരശ്ശേരി രൂപതയിലെ വൈദിക വിദ്യാർത്ഥികൾക്കായി ബഹുമാനപ്പെട്ട ആശാരിപറമ്പിൽ അച്ചൻ ഏർപ്പെടുത്തിയ എന്റോവ്മെന്റ് അഭിവന്ദ്യ മാർ റെമിജിയോസ് പിതാവ് വിതരണം ചെയ്തു. സീറോ മലബാർ സഭയിലെ മേജർ സെമിനാരി വിദ്യാർഥികൾക്കായി വടവാതൂർ സെമിനാരി സംഘടിപ്പിച്ച കെരിഗ്മ ഹോംലി കോമ്പറ്റീഷനിൽ ബ്ര. ഫിലിപ്സ് തൂനാട്ട് ഒന്നാം സ്ഥാനം നേടി. കോട്ടയം സെമിനാരിയിലെ നാടകമത്സരത്തിൽ ബെസ്റ്റ് ആക്ടറായി തെരഞ്ഞെടുക്കപ്പെട്ട അലൻ തെങ്ങുംപള്ളി, സാത്ന സെന്റ് എഫ്രേം തിയോളജിക്കൽ കോളേജിലെ സെമിനാരിയിൽ നടന്ന നാടക മത്സരത്തിൽ ബെസ്റ്റ് ആക്ടർ ആയ ബ്രദർ ജെറാൾഡ് പല്ലാട്ട് എന്നിവർക്കും അഭിവന്ദ്യ പിതാവ് ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു.

**ഫാ. കുര്യൻ താന്നിയ്ക്കൽ**
റെക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

## FIESTA 2K24 - കരോൾ ഗാന മത്സരം

താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയയും ചെറുപുഷ്പ മിഷൻ ലീഗും ചേർന്ന് 2024 ഡിസംബർ 14 ശനിയാഴ്ച മേരിക്കുന്ന് പി എം ഒ സിയിൽ വച്ച് കരോൾ ഗാന മത്സരം സംഘടിപ്പിച്ചു. 31 ശാഖകൾ പങ്കെടുത്ത മത്സരത്തിൽ

ഈസ്റ്റ് ഹിൽ, മരിയാപുരം, അശോകപുരം എന്നീ ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. പങ്കെ ടുത്ത എല്ലാവർക്കും നന്ദിയും വിജയികൾക്ക് അഭിനന്ദനങ്ങളും.

## ഗ്ലോറിയ 2K24 - ക്രിസ്തുമസ് തിരുവചന പ്രാർത്ഥനകൾ

ഉണ്ണിയേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഈ ദിവസങ്ങളിൽ താമരശ്ശേരി രൂപതയിലെ മിഷൻ ലീഗ്, തിരുബാല സംഖ്യം കുഞ്ഞുങ്ങൾ ഗ്ലോറിയ 2k24 ക്രിസ്തുമസ് തിരുവചന പ്രാർത്ഥനകൾ പങ്കുവെച്ചു. ഡിസംബർ1 മുതൽ 25വരെ തിരുവചന ത്തിലൂടെ ക്രിസ്തുമസ് പ്രാർത്ഥനകൾ സ്റ്റാറ്റസ് വീഡിയോ ഉണ്ടാക്കുകയും ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുകയും ചെയ്തു.

## വീട്ടിൽ സ്റ്റാർ തൂക്കി നാട്ടിൽ സ്റ്റാർ ആകാം.

ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങൾ നവംബർ 30ന് വൈകുന്നേരം തങ്ങളുടെ വീടുകളിൽ ക്രിസ്തുവിന്റെ ജനനത്തിന്റെ സന്ദേശം പേറുന്ന നക്ഷത്രം തൂക്കുകയും സ്റ്റാറ്റസ് ആക്കുകയും ചെയ്തു.

## CML സമ്മാന കൂപ്പൺ 2024 നറുക്കെടുപ്പ്

പ്രവർത്തന ഫണ്ട് രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇറക്കിയ സമ്മാന കൂപ്പൺ നറുക്കെടുപ്പ് ഡിസംബർ 14ന് PMOC യിൽ വച്ച് അഭിവന്ദ്യ റെമീജിയോസ് പിതാവ് നിർവ്വഹിച്ചു.

### സമ്മാനാർഹരായവർ

**ഒന്നാം സമ്മാനം (Laptop):**

ദീപ ജോസഫ് മൈലാടൂർ - കൂടത്തായി (താമരശ്ശേരി മേഖല)

**രണ്ടാം സമ്മാനം (Mobile Phone):**

ഇവാൻ മുട്ടശ്ശേരി - പെരിന്തൽമണ്ണ (പെരിന്തൽമണ്ണ മേഖല)

**മൂന്നാം സമ്മാനം (Cycle):**

ഷൈബി തെക്കേക്കരമറ്റത്തിൽ- കോടഞ്ചേരി (കോടഞ്ചേരി മേഖല)

### പ്രോത്സാഹന സമ്മാനങ്ങൾ

പ്രോത്സാഹന സമ്മാനങ്ങൾ പോസ്റ്റ് വഴി സമ്മാനാർഹരായവർക്ക് നൽകുന്നതാണ്.

**കൂരാച്ചുണ്ട് മേഖല**

1. മാത്യു ആക്കപ്പടിക്കൽ - മുതുകാട്
2. ആൻലിയ സിജു - കല്ലാനോട്

**പെരിന്തൽമണ്ണ മേഖല**

1. എൽവിൻ ജോ ജിബിൻ - നെന്മേനി
2. നേഹ എൽസ - പൊന്നിയാംകുരിശി

**പാറോപ്പടി മേഖല**

1. റോബിൻ അന്ന - ചേവായൂർ
2. മാത്യു നരിമറ്റം - കുന്നമംഗലം

**മലപ്പുറം മേഖല**

1. ഇവാനാ - തിരൂർ
2. അനു - പയ്യനാട്

**കരുവാരക്കുണ്ട് മേഖല**

1. അപർണ്ണ - കരുവാരക്കുണ്ട്
2. സോജൻ - കാളികാവ്

**താമരശ്ശേരി മേഖല**

1. ജോർജ് - ചമൽ
2. ജോസഫ് ഇ ജെ - താമരശ്ശേരി

**തിരുവമ്പാടി മേഖല**

1. റെജി ചക്കാലയ്ക്കൽ - മഞ്ഞക്കടവ്
2. മൈക്കിൾ - കരിമ്പ്

**മരുതോങ്കര മേഖല**

1. അന്നമ്മ - ചാപ്പൻതോട്ടം
2. അന്നമ്മ - പടത്തുകടവ്

**തോട്ടുമുക്കം മേഖല**

1. രശ്മി - ചുണ്ടത്തുംപൊയിൽ
2. ജിറ്റു തോട്ടുമുക്കം

**കോടഞ്ചേരി**

1. ലീലാമ്മ - മഞ്ഞുമല
2. ഇവാനിയ റോസ് കുഴുപ്പിൽ - വലിയകൊല്ലി

### ഹൃദയതാളം 24

2024 ഡിസംബർ 14 ശനിയാഴ്ച മാനന്തവാടി രൂപതയിലെ ചെറുകാട്ടൂർ ശാഖയിൽ വച്ച് നടന്ന മലബാർ റീജിയണിലെ രൂപത കളിൽ നിന്നുള്ള രൂപത മേഖല ശാഖ വൈസ് ഡയറക്ടർമാരുടെയും അല്മായ നേതാക്കന്മാരുടെയും സംഗമം -ഹൃദയ താളം 24ൽ രൂപത, മേഖലാ, ശാഖ ഭാരവാഹികൾ പങ്കെടുത്തു.

### തിരുക്കുടുംബത്തോടൊപ്പം ഒരു സെൽഫി

ക്രിസ്തുമസിന് നിർമ്മിക്കുന്ന പുൽക്കൂടിനൊപ്പം കുടുംബ ത്തോട് ചേർന്ന് സെൽഫിയെടുത്ത് അയക്കുകയും ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം നടത്തുകയും ചെയ്തു.

### പ്രേഷിത കൂടാരം

ഡിസംബർ മാസത്തിൽ മലപ്പുറം, തലയാട്, വലിയകൊല്ലി ശാഖകളിൽ പ്രേഷിത കൂടാരം പരിപാടി നടത്തുകയും ശാഖ സന്ദർശനം നടത്തുകയും ചെയ്തു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

## തിരുബാലസഖ്യം

Gloria 2K24 ക്രിസ്തുമസ് തിരുവചന പ്രാർത്ഥനയിൽ വിവിധ ഇടവകയിലെ കുഞ്ഞുങ്ങൾ പങ്കാളികളായി.

സകല വിശുദ്ധരുടെയും തിരുനാളിനോട് അനുബന്ധിച്ച് നടത്തിയ സ്റ്റാറ്റസ് നിർമ്മാണ മത്സരത്തിൽ കുഞ്ഞുങ്ങൾ പങ്കെടുത്തു.

1 - പയ്യനാട് ശാഖ

2 – തിരുവമ്പാടി ശാഖ

മരുതോങ്കര ശാഖ

3 – കട്ടിപ്പാറ ശാഖ

മാങ്കാവ് ശാഖ

കുട്ടികളെ വിശുദ്ധ പീറ്റർ കനീഷ്യസ്, കുരിശിന്റെ വിശുദ്ധ യോഹന്നാൻ, പരിശുദ്ധ കന്യകമറിയത്തിന്റെ അമലോത്ഭവം എന്നീ തിരുനാളുകൾ Jesus' Talk - ലൂടെ പരിചയപ്പെടുത്തി.

**ഫാ. ജോർജ്ജ് വെള്ളാരംകാലയിൽ**
ഡയറക്ടർ, തിരുബാലസഖ്യം

## സ്റ്റാർട്ട്

**ക്രിസ്തുമസ് 2024**

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിൽ ക്രിസ്തുമസ് ആഘോഷങ്ങൾ താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ നക്ഷത്രവിളക്ക് തെളിയിച്ചും, ക്രിസ്തുമസ് സന്ദേശം നൽകിയും നിർവഹിച്ചു. 'ക്രിസ്തുമസ് മനുഷ്യമനസ്സുകളിൽ നന്മയുടെ പുൽക്കൂടൊരുക്കുന്ന ആഘോഷ മാണെന്നു അഭിവന്ദ്യ പിതാവ് തന്റെ സന്ദേശത്തിൽ ഓർമിപ്പിച്ചു.

സ്റ്റാർട്ട് ഡയറക്ടർ ഫാ. ഡോ. സുബിൻ കിഴേക്കേവീട്ടിൽ ആമുഖ പ്രഭാഷണം നടത്തി, രൂപത ചാൻസലർ ഫാ. ഡോ. സെബാസ്റ്റ്യൻ കവളക്കാട്ട്, പാറോപ്പടി ഫോറോനെ വികാരി ഫാ. സൈമൺ കിഴക്കേക്കുന്നേൽ, കോർപ്പറേഷൻ കൗൺസിലർ ശ്രീ. പ്രവീൺ കുമാർ എന്നിവർ സംസാരിച്ചു. സ്റ്റാർട്ടിലെ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി. ഹോം ഓഫ് ലവിലെ സിസ്റ്റേഴ്സ് കരോൾ ആലപിച്ചു. സ്നേഹനിധികളായ സ്റ്റാർട്ടിന്റെ അയൽവാസി കളുടെ സാന്നിധ്യം ക്രിസ്തുമസ് ആഘോഷങ്ങളുടെ മാറ്റുകൂട്ടി. സ്റ്റാർട്ടിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച 'ക്രിസ്തുമസ് ഒരു ഓർമ്മ' എന്ന നാടകം അഭിനയ മികവുകൊണ്ടും, ആശയ സമ്പുഷ്ടത കൊണ്ടും ശ്രദ്ധേയമായി. സ്റ്റാർട്ട് ക്യാമ്പസിൽ പുതുതായി പണികഴി പ്പിച്ച മാതാവിന്റെ ഗ്രോട്ടോയുടെ വെഞ്ചരിപ്പും അഭിവന്ദ്യ പിതാവ് നടത്തി.

## മോൺസിഞ്ഞോർ ആന്റണി കൊഴുവനാൽ സ്മാരക പ്രസംഗ മത്സരം 2024

START ന്റെ സ്ഥാപകപിതാവായ മോൺ. ഡോ. ആന്റണി കൊഴുവനാലച്ചന്റെ അനുസ്മരണാർത്ഥം, 'ഭാരതത്തിലെ ഏറ്റവും തിളക്കമുള്ള ഒരു സാംസ്കാരിക മുഖം കേരളത്തിനുണ്ടായിരുന്നു ഇന്ന് അതിന് മങ്ങലേറ്റിട്ടുണ്ടോ?. എന്ന വിഷയത്തെ ആസ്പദമാക്കി അഖില കേരളതലത്തിൽ നടത്തിയ പ്രസംഗ മത്സരത്തിൽ 35 ഓളം പേർ പങ്കെടുത്തു. വിജയികളെ ന്യൂ ഇയർ ദിനത്തിൽ പ്രഖ്യാപിക്കു ന്നതാണ്.

## യുറേക്കാ മൊമെന്റ് മിനി മാസ്റ്റർ ക്യാമ്പ് 2k24 II.

ക്രിസ്തുമസ് അവധിക്കാലത്ത് 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി യുറേക്കാ മൊമന്റ് മിനി മാസ്റ്റർ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ആദ്യം രജിസ്റ്റർ ചെയ്യുന്ന നൂറു കുട്ടികൾക്ക് അവസരം. (to register call or whatsapp to 9037107843)

**START - HEALTH CARE CERTIFICATE COURSE** ഹെൽത്ത് സെക്ടർ മേഖലയിലെ ജോലി സാധ്യതകളെ മുൻനിർത്തി കൊണ്ട് സ്റ്റാർട്ട് ആരംഭിച്ച മൂന്നുമാസത്തെ പരിശീലന കോഴ്സായ Start - Healthcare Certificate course ന്റെ അടുത്ത ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. 2025 ജനുവരി മാസം 30 ന് പുതിയ ബാച്ച് ആരംഭിക്കും. elderly, disability and mental health care മേഖലകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ രൂപപ്പെടുത്തുക എന്നതാണ് ഈ കോഴ്സ് ലക്ഷ്യം വെയ്ക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് startcare.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## AI & PYTHON Course

ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള സമഗ്രമായ അറിവ് നേടുന്നതിനും പ്രത്യേകിച്ച് Machine Learning, Data Science എന്നിവയിൽ python ഉപയോഗിച്ച പ്രോഗ്രാമിംഗ് ചെയ്യുന്നതിനുമുള്ള പരിശീലനം നൽകുന്നതിനായി AI & Computer Programming with Python എന്ന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ക്ലാസുകൾ 2025 ജനുവരി 7 ന് ആരംഭിക്കും പ്ലസ് ടു കഴിഞ്ഞവർക്കും കമ്പ്യൂട്ടറിൽ അടിസ്ഥാനപരമായ അറിവുള്ള വർക്കും അപേക്ഷിക്കാം. സ്വന്തമായി ലാപ്ടോപ് ഉണ്ടായിരിക്കണം. സമയക്രമം : ശനിയാഴ്ചകളിൽ ഉച്ച കഴിഞ്ഞ് 1 മണി മുതൽ 4 മണി വരെ. രജിസ്ട്രേഷൻ 2025 ജനുവരി മാസം 4 ന് അവസാനിക്കുന്ന താണ്.

**ഫാ. സുബിൻ കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# എയ്ഡർ എഡ്യൂക്കെയർ

## സിവിൽ സർവീസ്/ ഐ എ എസ് ബോധവൽക്കരണ വെബിനാർ, റൈസ് - 8 എക്സാം രജിസ്ട്രേഷൻ

രൂപതയുടെ മികച്ച പഠനശേഷിയുള്ള വിദ്യാർത്ഥികളെ ഫാ. റോയി കണ്ണൻ ചിറയുടെ നേതൃത്വത്തിൽ നടക്കുന്ന റൈസ് - 8 പരീക്ഷ സംബന്ധമായ വിവരങ്ങൾ കൈമാറുന്നതിനും രജിസ്ട്രേഷൻ നടത്തുന്നതിനുമായി വെബിനാറുകൾ സംഘടിപ്പിച്ചു. ഡിസംബർ 8 ഞായറാഴ്ചയും ഡിസംബർ 14 ശനിയാഴ്ചയും ആയി സംഘടിപ്പിച്ച വെബിനാറിൽ നൂറോളം കുട്ടികളും മാതാപിതാക്കളും പങ്കെടു ക്കുകയും 15 ൽ അധികം കുട്ടികൾ സിവിൽ സർവീസ് പരീക്ഷയുടെ ഘടനയിൽ നടത്തുന്ന റൈസ്-8 എക്സാമിന് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പ്രിലിംസ്, മെയിൻസ്, ഇന്റർവ്യൂ എന്നിങ്ങനെ മൂന്ന് തലത്തിൽ നടക്കുന്ന പരീക്ഷയിൽ 14 സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുക്കുന്നുണ്ട്.

## മാത്തമാറ്റിക്സ് - കോംപ്രൻസിവ് റസിഡൻഷ്യൽ ക്യാമ്പ്

ഡിസംബർ 21, 22, 23 തീയതികളിലായി കുന്നമംഗലം ആൽഫ മരിയ അക്കാദമിയിൽ വച്ച് ഗണിത വിഷയത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്കായി മൂന്നുദിവസത്തെ റസിഡൻഷ്യൽ കോമ്പ്രഹെൻസീവ് കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിച്ചു. ഗണിത അധ്യാപകരായ ബെന്നി വി ജി, ശ്രീമതി ഷൈല സെബാസ്റ്റ്യൻ, സി. ക്രിസ് തെരേസ്, ശ്രീമതി വിൻസി, ശ്രീ. ജിനോ, ശ്രീമതി മരിയ പുളിമൂട്ടിൽ എന്നിവർ നേതൃത്വം നൽകി. 20 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

## ടീം ഫോർമേഷൻ, ടീം മീറ്റ്

ഡിസംബർ 19 ന് ബാംഗ്ലൂർ, സിസ്റ്റമാറ്റിക് അക്കാദമിയുടെ നേതൃത്വത്തിൽ എ ഐ, കോഡിങ് മേഖലകളെ സംബന്ധിച്ച് എഡ്യൂ- കെയർ ടീം അംഗങ്ങൾക്ക് ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചു. ഡിസംബർ 13, 18 തീയതികളിൽ ടീം മീറ്റും അവലോകനവും സംഘടി പ്പിച്ചു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഏയ്ഡർ എഡ്യൂകെയർ

# കരുണാഭവൻ

- കരുണാഭവനിൽ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ സാന്നിധ്യത്തിൽ ക്രിസ്തുമസ് ആഘോഷം നടത്തി. പിതാവ് ക്രിസ്തുമസ് സന്ദേശം നൽകുകയും കേക്ക് മുറിക്കുകയും എല്ലാവർക്കും സമ്മാനം നൽകുകയും ചെയ്തു.
- കരുണാഭവനിൽ ശുശ്രൂഷ ചെയ്തിരുന്ന സിസ്റ്റർ ഡെല്ല SD സ്ഥലം മാറുകയും സിസ്റ്റർ അമല SD ചാർജെടുക്കുകയും ചെയ്തു.
- കരുണാഭവനിലേക്ക് രണ്ട് അന്തേവാസികൾ കൂടി എത്തിച്ചേർന്നു.
- വിവിധ ഇടവകകളിൽ നിന്നും സ്കൂൾ, കോളേജുകളിൽ നിന്നും വൈദികരും വിദ്യാർത്ഥികളും അധ്യാപകരും ക്രിസ്തുമസ് പരിപാടികളുമായി എത്തുകയും ക്രിസ്തുമസ് സമ്മാനങ്ങൾ കരുണാഭവന് നൽകി.
- കരുണാഭവനിലെ അന്തേവാസികളെ പാറോപ്പടി മാതൃവേദി കോഴിക്കോട് ബീച്ചിൽ കൊണ്ടുപോകുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.
- വിവിധ സംഘടനകളും വ്യക്തികളും കരുണാഭവൻ സന്ദർശിക്കുകയും ഭക്ഷണം നൽകുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

---

# മദ്യവിരുദ്ധ സമിതി

## വ്യക്തിത്വ വികസന ക്ലബ്

വ്യക്തിത്വ വികസന സെമിനാർ : കുട്ടികളിൽ ലഹരിവസ്തുക്കൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനും അവയുടെ ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും ഉപകരിക്കുന്ന വിധത്തിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചത്. പഠന-സ്വഭാവ വൈകല്യങ്ങൾ പരിഹരിച്ച് കുട്ടികളെ മികച്ച വ്യക്തിത്വമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് സ്കൂളുകളിൽ രൂപതാ ലഹരി വിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സെമിനാറുകൾ നടത്തി വരുന്നത്.

ലഹരി വിരുദ്ധ സമിതി രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, റിസോഴ്സ് ടീം അംഗങ്ങൾ വിമുക്തി ടീം അംഗങ്ങൾ തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. രൂപതാ ഡയറക്ടർ ഫാ. ജിന്റോ മച്ചുകുഴിയിൽ, സി. വിനീത, കുര്യൻ ചെമ്പനാനി, ജോളി ഉണ്ണിയേപ്പിള്ളിൽ, കെ സി ജോസഫ്, സി.ഗീത സി.എം.സി, ടി ടി തോമസ്, ജോൺ പി വി, ജോസ് കാവിൽപുരയിടം, റോയ് മുരിക്കോലിൽ, രാജൻ ഉറുമ്പിൽ, എബ്രഹാം മണലോടി, വി ജെ മത്തായി, എൻ വി എബ്രഹാം, തുടങ്ങിയവർ വിവിധ സ്കൂളുകളിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി.

### സ്കൂൾ തല ലഹരി വിരുദ്ധ സാഹിത്യോത്സവം

രൂപതാ ലഹരി വിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ പ്രവർത്തിക്കുന്ന വ്യക്തിത്വ വികസന ക്ലബ്കുട്ടികൾക്കായുള്ള സ്കൂൾ തല സാഹിത്യോൽസവം സംഘടിപ്പിച്ചു. പ്രസംഗം, കഥാരചന, കവിതാ രചന, ഉപന്യാസം, പോസ്റ്റർ നിർമ്മാണം എന്നിങ്ങനെ വിവിധ ഇനങ്ങളിൽ സ്കൂളുകളിൽ മത്സരങ്ങൾ സംഘടിപ്പിച്ചു.

### രൂപതാ സാഹിത്യോത്സവം

സ്കൂളുകളിൽ പ്രവർത്തിക്കുന്ന ലഹരി വിരുദ്ധ -വ്യക്തിത്വ വികസന ക്ലബ് അംഗങ്ങളായ കുട്ടികൾക്കായി സാഹിത്യമത്സരങ്ങൾ സംഘടിപ്പിച്ചു. യു പി, ഹൈസ്കൂൾ,ഹയർ സെക്കന്ററി വിഭാഗങ്ങളിൽ ഉള്ള കുട്ടിൾക്കായി സാഹിത്യ മൽസരങ്ങൾ നടത്തി. കഥാ രചന, പ്രസംഗം, ഉപന്യാസം, കവിതാ രചന, പോസ്റ്റർ നിർമ്മാണം എന്നീ ഇനങ്ങളിൽ ആണ് മത്സരങ്ങൾ നടത്തിയത്.

കൂരാച്ചുണ്ട്,തിരുവമ്പാടി എന്നീ രണ്ടു കേന്ദ്രങ്ങളിൽ ആയാണ് മൽസരങ്ങൾ നടന്നത്. കൂരാച്ചുണ്ട് സെന്റ് തോമസ് യു പി സ്കൂളിൽ നടന്ന സാഹിത്യോത്സവം ഫാ. ജിനോ ചുണ്ടയിൽ ഉദ്ഘാടനം ചെയ്തു. കുര്യൻ ചെമ്പനാനി, രാജൻ ഉറുമ്പിൽ, എബ്രഹാം മണലോടി തുടങ്ങിയവർ നേതൃത്വം നൽകി.

തിരുവമ്പാടി സേക്രഡ് ഹാർട്ട് എച്ച്. എസിൽ നടന്ന മത്സരങ്ങൾ ഫാ. ആൽബിൻ വിലങ്ങുപാറ ഉദ്ഘാടനം ചെയ്തു. കെ സി ജോസഫ്, ജോളി ഉണ്ണിയേപ്പിള്ളിൽ, ടി.ടി തോമസ്, ജോസ് കാവിൽ പുരയിടം, റോയ് മുരിക്കോലിൽ, പി.വി ജോൺ, വി ജെ മത്തായി, എൻ വി അബ്രാഹം തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. അഗസ്റ്റിൻ മച്ചുകുഴിയിൽ**
ഡയറക്ടർ, മദ്യവിരുദ്ധ സമിതി

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

## ശിശുഹത്യകൾക്കെതിരെ പ്രോ-ലൈഫ്

ഈയിടെയായി കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നവജാതശിശുക്കളെ കുപ്പത്തൊട്ടിയിലും, പൊന്തക്കാട്ടിലും പുഴയിലുമൊക്കെ കൊന്നെറിയുന്നതിനെതിരെ താമരശ്ശേരി രൂപത മരിയൻ പ്രോ- ലൈഫ് പ്രതിഷേധവും അഗാധമായ ദുഃഖവും രേഖപ്പെടുത്തി. ജീവനെതിരെ നടക്കുന്ന ഇത്തരമുള്ള കിരാതമായ പ്രവർത്തികൾ ചെയ്യുന്നവർക്കെതിരെ ശക്തമായ ശിക്ഷാനടപടികൾ ഗവൺമെന്റിന്റെയും കോടതിയുടെയും ഭാഗത്ത് ഉണ്ടാകണമെന്ന് താമരശ്ശേരി രൂപത പ്രോ-ലൈഫ് എക്സിക്യൂട്ടീവ് ആവശ്യപ്പെട്ടു. പ്രോ-ലൈഫ് ഡയറക്ടറുമായ ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രസിഡൻറ് സജീവ് പുരയിടത്തിൽ, സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ, ട്രഷറർ ടോമി പ്ലാത്തോട്ടത്തിൽ, ആനിമേറ്റർ സിസ്റ്റർ മെറിൻ ജോസ്, എക്സിക്യൂട്ടീവ് അംഗങ്ങളായ തോമസ് പുത്തൻപുരയിൽ, മാർട്ടിൻ തെങ്ങും തോട്ടത്തിൽ പ്രിൻസ് തിനംപറമ്പിൽ, ജയ്സൺ കന്നുകുഴി, ബിജു കണ്ണന്തറ എന്നിവർ പങ്കെടുത്തു.

## പ്രോ-ലൈഫ് കുടുംബസംഗമവും ക്രിസ്തുമസ്സ് ആഘോഷവും നടത്തി

തോട്ടുമുക്കം: ഫൊറോനയിലെ വലിയ കുടുംബങ്ങളുടെ സംഗമവും ക്രിസ്തുമസ്സ് ആഘോഷവും തോട്ടുമുക്കം ഫൊറോന ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നായി 25 ഓളം കുടുംബങ്ങൾ യോഗത്തിൽ പങ്കെടുത്തു. കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. യോഗത്തിൽ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷനായിരുന്നു. തോട്ടുമുക്കം ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. രൂപത പ്രസിഡൻറ് സജീവ് പുരയിടത്തിൽ സെക്രട്ടറി ജോൺസൺ തെങ്ങും തോട്ടത്തിൽ കെസിബിസി പ്രോ- ലൈഫ് സംസ്ഥാന ട്രഷറർ ടോമി പ്ലാത്തോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ വച്ച് ഓരോ ഇടവകയിലെയും തോട്ടുമുക്കം ഫൊറോനയിലെയും ഭാരവാഹികളെ തിരഞ്ഞെടുത്തു തോട്ടുമുക്കം ഫൊറോന പ്രസിഡണ്ടായി സുബിൻ വെള്ളപ്ലാക്കൽ സെക്രട്ടറിയായി സജു വാണിയപുരയ്ക്കൽ ട്രഷററായി റെക്സ് കുമ്മണ്ണൂപറമ്പിൽ എന്നിവരെ തിരഞ്ഞെടുത്തു.

## ജനുവരി മാസത്തെ കുടുംബ സംഗമം കൂരാച്ചുണ്ടിൽ

ജനുവരി 10-ാം തീയതി കൂരാച്ചുണ്ട് ഫൊറോനയിലെ വലിയ കുടുംബങ്ങളുടെ സംഗമം കൂരാച്ചുണ്ട് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് വൈകുന്നേരം 6 മണിക്ക് നടത്തപ്പെടുന്നു.

# യൂദിത്ത് ഫോറം

## ക്രിസ്തുമസ്സ് ആഘോഷിച്ചു

യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ തിരുവമ്പാടിയിൽ വച്ച് രൂപത തല ക്രിസ്തുമസ്സ് ആഘോഷങ്ങൾ നടത്തി. രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 130 ഓളം അമ്മമാരുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളോടെ 2024 ലെ ക്രിസ്തുമസ്സ് സാഘോഷം കൊണ്ടാടി. കരോൾ ഗാനം, സിംഗിൾ ഡാൻസ്, പ്രസംഗം , ക്വിസ് മത്സരം എന്നിവ നടത്തി വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. മത്സരങ്ങളിൽ മരിയാപുരം പശുക്കടവ് ഇവകകൾ യഥാക്രമം ഒന്ന് രണ്ട് സ്ഥാനങ്ങൾ നേടി. സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷനായിരുന്നു. താമരശ്ശേരി സി ഓ ഡി ഡയറക്ടർ ഫാ. സായി പാറങ്കുളങ്ങര യോഗം ഉദ്ഘാടനം ചെയ്തു. അഡ്വക്കേറ്റ് ടി.ജെ ജോസഫ് മുഖ്യാതിഥിയായിരുന്നു താമരശ്ശേരി CMC പ്രൊവിൻഷ്യൽ സിസ്റ്റർ പവിത്ര റോസ് അനുഗ്രഹ പ്രഭാഷണം നടത്തി. ആനിമേറ്റർ സി. റെനി, സി. സെലിൻ സി. ട്രീസ സിഎംസി എന്നിവരും സിഎംസി സന്യാസിനി സമൂഹത്തിലെ മറ്റു സഹോദരിമാരും വിവിധ ഇടവകകളിൽ നിന്ന് വന്ന ആനിമേറ്റർ സിസ്റ്റർമാരും പ്രോഗ്രാമിന് നേതൃത്വം നൽകി. ഏവർക്കും ക്രിസ്മസ് സമ്മാനങ്ങൾ നൽകുകയും ആശംസകൾ നേരുകയും ചെയ്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ

# ഇൻഫാം

## ഇൻഫാം ജനറൽ ബോഡി മീറ്റിംഗ് ജനുവരി 24 ന്

സ്നേഹമുള്ള വികാരിയച്ചന്മാരെ ഇൻഫാമിന്റെ സിൽവർ ജൂബിലി വർഷമാണ് 2025. ജൂബിലിയുടെ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് വേണ്ടി എല്ലാ ഇടവകകളിൽ നിന്നും മൂന്നു പേരെ വെച്ച് ഈ വരുന്ന ജനുവരി 24 താമരശ്ശേരി ജോൺപോൾ ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നു.

## വനംവകുപ്പിന്റെ കിരാത നിയമത്തിനെതിരെ ഇൻഫാം

1961ൽ പ്രാബല്യത്തിൽ വന്ന കേരള ഫോറസ്റ്റ് ആക്ട് വീണ്ടും പരിഷ്കരിച്ച് വനംവകുപ്പ് ഉദ്യോഗസ്ഥരാജ് നടപ്പിലാക്കാനുള്ള കരട് വിജ്ഞാപനത്തിനെതിരെ ഇൻഫാം താമരശ്ശേരി കാർഷിക ജില്ല ശക്തമായ എതിർപ്പ് രേഖപ്പെടുത്തി. സമ്മേളനത്തിൽ താമരശ്ശേരി കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രസിഡൻറ് അഗസ്റ്റിൻ പുളിക്കകണ്ടത്തിൽ, സെക്രട്ടറി ജോൺ കുന്നത്തേട്ട്, ട്രഷറർ ബ്രോണി നമ്പ്യാപറമ്പിൽ, വർക്കിംഗ് സെക്രട്ടറി മാർട്ടിൻ തെങ്ങുംതോട്ടത്തിൽ, തോമസ് പുത്തൻപുരയിൽ, മത്തായി മുതുകാട്, ജോണി ഈയ്യാലിൽ, ജോണി മലപ്രവനാൽ, ജോർജ് മാനാശേരി എന്നിവർ സംസാരിച്ചു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഇൻഫാം

# കമ്മ്യൂണിക്കേഷൻ മീഡിയ

## ഫിയസ്റ്റ 2k24

ചെറുപുഷ്പ മിഷൻലീഗുമായി ചേർന്ന് ക്രിസ്മസ് കരോൾ ഗാന മത്സരം ഫിയസ്റ്റ 2k24 ഡിസംബർ 14-ന് മേരിക്കുന്ന് പിഎംഒസിയിൽ സംഘടിപ്പിച്ചു. 25 ടീമുകൾ പങ്കെടുത്തു. ഈസ്റ്റ്ഹിൽ ഇടവക ഒന്നും മരിയാപുരം ഇടവക രണ്ടും അശോകപുരം ഇടവക മൂന്നും സ്ഥാനങ്ങൾ നേടി. വിജയികൾക്കുള്ള ക്യാഷ് അവാർഡും സമ്മാനങ്ങളും അഭിവന്ദ്യ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് വിതരണം ചെയ്തു.

## 2025 ജനുവരി - ഫെബ്രുവരി ലക്കം

ജനുവരി - ഫെബ്രുവരി ലക്കത്തിലെ കവർ സ്റ്റോറി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച ജൂബിലി വർഷത്തെക്കുറിച്ചാണ്. ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ ചാക്രിക ലേഖനത്തെക്കുറിച്ചുള്ള വിശകലനവും സഭയിൽ അൽമായരുടെ ഉത്തരവാദിത്വങ്ങൾ വിവരിക്കുന്ന ലേഖനവും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ പ്രേഷിത തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന എസ്സിഎൻ സന്യാസിനി സഭാംഗം സിസ്റ്റർ ഗ്രേസിയെ പരിചയപ്പെടുത്തുന്നു. വിജയപാഠം പംക്തിയിൽ കണ്ണോത്ത് ഇടവകാംഗവും പൗൾട്രിമിത്ര സ്ഥാപകനുമായ വെട്ടിക്കുഴിയിൽ ബിബിൻ ഡേവിഡിനെ പരിചയപ്പെടുത്തുന്നു. വിദ്യാധനം പംക്തിയിൽ ന്യൂജനറേഷൻ കോഴ്സുകളെക്കുറിച്ച് പ്രതിപാദിക്കുന്നു. കരിയർ കോർണർ പംക്തിയിൽ പിഎസ്സി നടത്തുന്ന സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് പരീക്ഷയെക്കുറിച്ചുള്ള വിവരങ്ങളും പദ്ധതി പരിചയം പംക്തിയിൽ ക്ഷീരകർഷർക്കുള്ള ക്ഷീര സ്വാന്തനം പദ്ധതിയെക്കുറിച്ചും പ്രതിപാദിക്കുന്നു.

## വരിസംഖ്യ

മലബാർ വിഷൻ വരിസംഖ്യ കൃത്യമായി നൽകുവാൻ ശ്രദ്ധിക്കുമല്ലോ. വരിസംഖ്യ ഓൺലൈനായി അടയ്ക്കുവാനുള്ള അക്കൗണ്ട് വിവരങ്ങൾ താഴെ നൽകുന്നു.

Account Number : 120026042737

Name : Alphonsian Media Truts,
Bank : Canara Bank,
Branch : Vellimadkunnu
IFSC Code : CNRB0000839

**ഫാ. സിബി കുഴിവേലിൽ**
ഡയറക്ടർ, കമ്മ്യൂണിക്കേഷൻ മീഡിയ

# കരിസ്മാറ്റിക് മൂവ്മെന്റ്

**മിനിസ്ട്രി പുനഃസംഘടന :** താമരശ്ശേരി, കോടഞ്ചേരി, തിരുവമ്പാടി, മലപ്പുറം, പെരിന്തൽമണ്ണ, മരുതോങ്കര, കൂരാച്ചുണ്ട് എന്നീ സബ് സോണുകളുടെ മിനിസ്ട്രി പുനഃസംഘടന പൂർത്തീകരിച്ചു. ഷാജു, ബെന്നിച്ചൻ കറുകമാലിൽ, ജോസ് കീരപ്പടവിൽ എന്നിവർ പുനഃസംഘടന പ്രക്രിയയ്ക്ക് നേതൃത്വം നൽകി.

**ജൂബിലേവൂസ് - 2026 :** സുവർണ്ണ ജൂബിലിക്കൊരുക്കുമായി ജൂബിലേവൂസ് സഹസ്രദിന ഉപവാസ പ്രാർത്ഥന 2024 ഡിസംബർ 20 ന് പശുക്കടവ് സെൻറ് തെരേസാസ് പള്ളിയിൽ വച്ച് നടന്നു. ഫാ. സെബാസ്റ്റ്യൻ പാറത്തോട്ടത്തിൽ തിരി തെളിച്ച് ഉപവാസ പ്രാർത്ഥനയ്ക്ക് തുടക്കം കുറിച്ചു. തുടർന്ന് അദ്ദേഹം വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. കെ സി എസ് സി ജോയിൻ കോഡിനേറ്റർ സന്തോഷ് തലച്ചിറ മുഖ്യപ്രഭാഷണം നടത്തി. സെബാസ്റ്റ്യൻ അമ്പാട്ടുപറമ്പിൽ തോമസ് പുതുക്കുളങ്ങര എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

**സിറ്റി സബ്സോൺ കുടുംബോത്സവം 2024**

സിറ്റി സബ്സോണിന്റെ നേതൃത്വത്തിൽ കുന്ദമംഗലം സെന്റ് ജോസഫ് ദേവാലത്തിൽ വച്ച് 14 -12 -2024ന് കുടുംബോത്സവം രാവിലെ 9.00 മുതൽ ഉച്ച കഴിഞ്ഞ് 4.00 വരെ നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്ന് 260 ആളുകൾ പങ്കെടുത്തു. ഇതിൽ 50 ഓളം കുട്ടികളും ഇരുപതോളം യുവജനങ്ങളും ഉൾപ്പെടുന്നു. ജപമാലക്ക് ശേഷം സബ്സോൺ ആനിമേറ്റർ ഫാ. ബിനോയി ചുനയന്മാക്കൽ ദിവ്യബലി അർപ്പിച്ചു. ഇടവക വികാരി ഫാ. അനീഷ് പുളിച്ചിമാക്കൽ എല്ലാവരെയും സ്വാഗതം ചെയ്തു. ഫൊറോന വികാരി ഫാദർ സൈമൺ കിഴക്കേ കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്തുതി ആരാധനയ്ക്ക് ശ്രീ ഷിജു പാലംതലയ്ക്കൽ നേതൃത്വം നൽകി. ഡോ. ഫ്രാൻസിസ് ആറാടൻ ക്ലാസ് എടുത്തു. ഒരു യുവ ദമ്പതിയും (കരോൾ, അനിത) യുവജനങ്ങളുടെ പ്രതിനിധിയും (സാൻജോ സൂരജ്), സമർപ്പിതരുടെ പ്രതിനിധിയും (സി. അപർണ്ണ FCC) ജീവിത സാക്ഷ്യം പങ്കുവെച്ചു.

ഉച്ച ഭക്ഷണത്തിനുശേഷം ഫാദർ സൈമൺ വള്ളോപ്പിള്ളി സമ്മേളനത്തിൽ പങ്കെടുത്ത, അഞ്ചോ അതിൽ കൂടുതലോ മക്കളുള്ള 6 വലിയ കുടുംബങ്ങളെ പരിചയപ്പെടുത്തുകയും അവർക്ക് സമ്മാനം നൽകുകയും ചെയ്തു. അതിനു ശേഷം ജേക്കബ് തോമസ് സദസ്സിന് ഫാമിലി മിഷനെ പരിചയപ്പെടുത്തി. കുടുംബോസവത്തെ അഭിസംബോധന ചെയ്യുവാൻ വന്ന രൂപത അധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന് സ്വീകരണം നൽകി.

അഭിവന്ദ്യ പിതാവിന്റെ സന്ദേശത്തിൽ വിശുദ്ധരായ കുടുംബങ്ങളുടെ പ്രാധാന്യവും ജീവന്റെ സമൃദ്ധിയെക്കുറിച്ചും വിശുദ്ധീകരിക്കപ്പെട്ട കുടുംബങ്ങൾ

മിഷനറിമാരായി മറ്റ് കുടുംബങ്ങൾ സന്ദർശിക്കുന്നതിനെക്കുറിച്ചും ഊന്നൽ കൊടുത്തു സംസാരിച്ചു. സബ് സോൺ ആനിമേറ്റർ ഫാദർ ബിനോയി ചുനയൻമാക്കൽ, പിതാവിന് സ്വാഗതവും സോണൽ ആനിമേറ്റർ ഫാദർ സിബി കുഴിവേലിൽ പിതാവിനു നന്ദിയും രേഖപ്പെടുത്തി. അതിനുശേഷം നടന്ന ദിവ്യകാരുണ്യ ആരാധനയ്ക്ക് ഫാ. സിബി കുഴിവേലിൽ നേതൃത്വം നൽകി. സോണൽ സെക്രട്ടറി ശ്രീ. ബെന്നിച്ചൻ കറുകമാലിലിന്റെ സാന്നിധ്യം നന്ദിയോടെ സ്മരിക്കുന്നു.

സബ്സോൺ സെക്രട്ടറി ശ്രീ ജോസ് വടക്കേൽ സമ്മേളനത്തിന് നന്ദി പറഞ്ഞു. ഡോക്ടർ ബാബു മാളിയേക്കൽ MC ആയിരുന്നു. സൂരജ് ഗാനങ്ങൾക്കു നേതൃത്വം നൽകി. നാലുമണിക്ക് ചായ സൽക്കാരത്തോട് കുടുംബോത്സവം അവസാനിച്ചു. ആദ്യ അവസാനം സന്തോഷത്തോടെ പങ്കെടുത്ത കുട്ടികളുടെ സാന്നിധ്യം വലിയ ഒരു അനുഭവമായിരുന്നു.

**ടൗൺ കരോൾ:** താമരശേരി കെരിഗ്മ മിനിസ്ടിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ടൗൺ കരോൾ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. താമരശേരി രൂപതാ ഭവനിൽ നടന്ന പരിപാടിയിൽ 100 ലേറെ തെരുവ് വചന ശുശ്രൂഷകർ പങ്കെടുത്തു. വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ, ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, ഫാ. ജോർജ്ജ് പുരയിടത്തിൽ, വിവിധ സന്യാസ സമൂഹങ്ങളിലെ സന്യാസിനിമാർ, ദീർഘകാലമായി തെരുവിൽ വചനം പ്രഘോഷിക്കുന്ന വർഗീസ് തുണ്ടത്തിൽ, ആഗസ്തി പഴുക്കാകുളം, കെരിഗ്മ മിനിസ്ട്രി രൂപതാ കോ ഓർഡിനേറ്റർ ഷാജി അരിക്കത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു. അഭിവന്ദ്യ പിതാവ് ക്രിസ്മസ് കേക്ക് വിതരണം ചെയ്തു. തുടർന്ന് താമരശേരി ടൗണിൽ കാരോൾ ശുശ്രൂഷയിൽ സി. മെൽബിൻ SABS സന്ദേശം നൽകി. ശാലോമിന്റെ മുഖ്യഗായകൻ ലിജോ, താമരശേരി മേരിമാതാ ഇടവക മാതൃവേദി ഗായക സംഘം, മരുതോങ്കര സബ്സോണിലെ അച്ചാമ്മ ടീച്ചറുടെ നേതൃത്വത്തിലുള്ള ഗായക സംഘം എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി

**ഫാ. ഡൊമിനിക് കുഴിവേലിൽ**
സോണൽ ആനിമേറ്റർ

# ബഥാനിയ ധ്യാനകേന്ദ്രം

*അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു.*
(1 പത്രോസ് 21:24)

## ധ്യാനം

ഈ മാസം 20 മുതൽ 23 വരെയായിരുന്നു ബഥാനിയായിലെ ജീവിത വിശുദ്ധീകരണ ധ്യാനം. ദൈവപുത്രനായ ഉണ്ണിയേശുവിനെ സ്വീകരിക്കുവാനായി നോമ്പിന്റെ ചൈതന്യത്തിൽ ശരീരവും ആത്മാവും ഒരു ദൈവാലയമാക്കി രൂപാന്തരപ്പെടുത്തുവാൻ ഉതകുന്ന രീതിയിൽ ആയിരുന്നു ഈ ധ്യാനം ഒരുക്കിയിരുന്നത്. ദുഃശ്ശീലങ്ങളും ദുഃസ്വഭാവങ്ങളും ബന്ധിച്ചിട്ടിരിക്കുന്ന ജീവിതങ്ങളെ സഭയുടെ ഒദ്യോഗിക ഡെലിവറൻസ് ശുശ്രൂഷയിലൂടെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്ന ഈ ധ്യാനത്തിൽ ഇരുന്നൂറോളം പേർ പങ്കെടുത്തു. ക്രിസ്തുമസ് ദിനങ്ങളോട് ചേർന്ന് നടന്ന ഈ ധ്യാനത്തിൽ പങ്കെടുത്തവർക്ക് ഈ ക്രിസ്തുമസ് അവിസ്മരണീയമായിരിക്കും എന്നത് സത്യമാണ്. ബഥാനിയ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചനാണ് ധ്യാനം നയിച്ചത്.

## ഏകദിന കൺവെൻഷൻ

ഡിസംബർ മാസം എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. ക്രിസ്തുമസ് സന്ദേശങ്ങൾ നൽകുന്ന ശുശ്രൂഷകളായിരുന്നു ഈ കൺവെൻഷനുകളിൽ പ്രധാനമായും ഉണ്ടായിരുന്നത്. മണിക്കൂറുകൾ നീളുന്ന വിശുദ്ധ കുമ്പസാര സമയത്ത് നൂറുകണക്കിന് ആളുകളാണ് തന്നെത്തന്നെ വിശുദ്ധീകരിച്ച് ഈശോയെ സ്വീകരിക്കുവാൻ ഒരുങ്ങിയത്.

ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്ക 1:31) എന്ന വചനത്തിൽ വിശ്വസിച്ച് തങ്ങളുടെ നിയോഗങ്ങൾ ദൈവതിരുമുമ്പിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതിനായി നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരങ്ങളാണ് ഓരോ വെള്ളിയാഴ്ചകളിലും ബഥാനിയായിൽ വന്നിരുന്നത്. ദൈവത്തിന് മാത്രം നൽകാൻ കഴിയുന്ന സന്തോഷവും ആശ്വാസവും സ്വന്തമാക്കിയാണ് അവർ തിരികെപ്പോയത്.

ഡിസംബർ 6-ാം തിയ്യതി ആദ്യ വെള്ളിയാഴ്ച ആവേ മരിയ ഹാളിൽ നടന്ന ശുശ്രൂഷയിൽ പങ്കെടുത്തവരെക്കൊണ്ട് ഹാളും പരിസരവും നിറഞ്ഞിരുന്നു. ദിവ്യകാരുണ്യപ്രദക്ഷിണത്തോടെ സമാപിച്ച ആരാധനയിൽ പങ്കെടുത്ത ഈ സമൂഹം തങ്ങളുടെ ജീവിതങ്ങൾ ഈശോയുടെ മുമ്പിൽ സമർപ്പിച്ച് അവിടുത്തെ ആരാധിക്കുന്നത് കാണേണ്ട കാഴ്ചയായിരുന്നു.

രാവിലെ 9 മണിക്ക് ആരംഭിച്ച ഏകദിന ശുശ്രൂഷയിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, ഗാനശുശ്രൂഷ, വി.കുർബ്ബാന, വചന സന്ദേശം, വി.കുമ്പസാരം, സ്പിരിച്ച്വൽ ഷെയറിംഗ് തുടങ്ങിയവ ഉണ്ടായിരുന്നു.

## ബഥാനിയ ശുശ്രൂഷകരുടെ കൂട്ടായ്മ

ബഥാനിയായുടെ ശുശ്രൂഷകർ ഈ മാസം 14-ാം തിയ്യതി ഒരുമിച്ച് കൂടിയിരുന്നു. "കർത്താവിന്റെ ആലയത്തിൽ ശുശ്രൂഷ ചെയ്യുന്നവരെ, ദൈവത്തിന്റെ ഭവനാങ്കണത്തിൽ നിൽക്കുന്നവരേ അവിടുത്തെ സ്തുതിക്കുവിൻ" (സങ്കീ. 35:2) ഈ വചനത്തിന്റെ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് ഇവിടെ വരുന്ന അനേകർക്ക് ദൈവം നൽകുന്ന അനുഗ്രഹങ്ങൾക്ക് സാക്ഷികളാകാൻ അവസരം ലഭിച്ച ശുശ്രൂഷകർ ഒരുമിച്ച് ചേർന്ന് ഒരു മനസ്സോടെ ദൈവത്തിന് നന്ദി പറഞ്ഞ് അവിടുത്തെ ആരാധിച്ച ദിവസമായിരുന്നു അന്ന്. ഇനിയുള്ള നാളുകളിൽ ഈ ആലയത്തിൽ ശുശ്രൂഷ ചെയ്യുന്നതിന് മറ്റൊന്നിനേക്കാളുമധികമായി ഈശോയെ നിന്റെ കൃപ മാത്രം മതിയെന്ന് പ്രാർത്ഥിച്ച് ദൈവകൃപ സ്വന്തമാക്കിയാണ് ശുശ്രൂഷകർ പിരിഞ്ഞുപോയത്.

## വി. കുമ്പസാരം

എല്ലാ ദിവസവും ബഥാനിയായിൽ കുമ്പസാരത്തിന് സൗകര്യമുണ്ട് എന്നത് അനേകർക്ക് ആശ്വാസകരമാണ്. നമ്മുടെ രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം പേർ ഓരോ ദിവസവും ബഥാനിയായിൽ വന്ന് കുമ്പസരിച്ച് പോകുന്നുണ്ട്.

## സ്പിരിച്ച്വൽ ഷെയറിംഗ്

ഞായർ ഒഴികെ എല്ലാ ദിവസവും സ്പിരിച്ച്വൽ ഷെയറിംഗ് ഉണ്ടായിരുന്നു. ജീവിതത്തിൽ അനുഭവപ്പെടുന്ന സങ്കടവും വേദനയും ഒന്നു പങ്കുവെയ്ക്കുവാനും ആശ്വാസ വാക്കു കേൾക്കുവാനും ആഗ്രഹിക്കുന്ന അനേകർക്ക് ആശ്വാസകരമാണ് ഈ ശുശ്രൂഷ. തിരക്ക് ഒഴിവാക്കുന്നതിനായി മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

## മദ്ധ്യസ്ഥ പ്രാർത്ഥന

എല്ലാ ദിവസവും വിവിധ ചാപ്പലുകളിലായി മദ്ധ്യസ്ഥ പ്രാർത്ഥന ഉണ്ടായിരുന്നു. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ് ഈ പ്രാർത്ഥനയിൽ പങ്കെടുക്കുന്നത്. ബഥാനിയായിലെ ശുശ്രൂഷകൾ അഭിഷേകമുള്ളതാകാനും പങ്കെടുക്കുന്നവർ അനുഗ്രഹിക്കപ്പെടാനും കാരണം ശുശ്രൂഷകരുടെ ത്യാഗപൂർണ്ണമായ മദ്ധ്യസ്ഥ പ്രാർത്ഥനയാണ്.

## ജനുവരി മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 03 | ആദ്യവെള്ളി | : ഏകദിന കൺവെൻഷൻ |
| 04 | ശനി | : മാതൃവേദി രൂപതാസംഗമം |
| 10 | വെള്ളി | : ഏകദിന കൺവെൻഷൻ |
| | | : ജീവിത വിശുദ്ധീകരണ ധ്യാനം (10-13) |
| 17 | വെള്ളി | : ഏകദിന കൺവെൻഷൻ |
| 24 | വെള്ളി | : ഏകദിന കൺവെൻഷൻ |
| 31 | വെള്ളി | : ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റി

## കോളേജ് അഡ്മിഷൻ

മംഗലാപുരം, ഉഡുപ്പി, ഹസൻ, ബാംഗ്ലൂർ, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ കോളേജുകളിലായി അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കുമായി ഓറിയന്റഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. അഡ്മിഷൻ ദിവസം എൽ ഡി എസ് ടീം കോളേജിൽ എത്തി നേതൃത്വം നൽകി.

## കോളേജ് വിസിറ്റ്

ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ എൽഡിഎസ് ടീം അംഗങ്ങൾ നേഴ്സിങ് കോളേജുകൾ സന്ദർശിക്കുകയും അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ പഠിക്കുന്ന കോളേജുകൾ സന്ദർശിക്കുകയും കോളേജ് അധികാരികളുമായി ആശയവിനിമയം നടത്തുകയും വിദ്യാർ ത്ഥികളെ നേരിട്ട് കണ്ട് വിദ്യാർത്ഥികളുടെ പഠന കാര്യങ്ങൾ, ഹോസ്റ്റൽ തുടങ്ങിയ കാര്യങ്ങളിൽ വിലയിരുത്തുകയും. വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ക്രിസ്തുമസിനോട് അനുബന്ധിച്ച് എൽഡിഎസിന്റെ കീഴിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ പഠിക്കുന്ന കോളേജുകൾ സന്ദർ ശിക്കുകയും കോളേജ് പ്രിൻസിപ്പൽ മാർക്കും. വിദ്യാർത്ഥികൾക്കും ആശംസകൾ നേരുകയും ചെയ്തു.

## ട്രെയിനിങ് പ്രോഗ്രാം

കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ നൂറോളം ഹയർ സെക്കൻഡറി സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്പ്രിംഗ് ബോർഡ് എന്ന പേരിൽ വിദ്യാർത്ഥികളുടെ കഴിവുകൾ വർധിപ്പിക്കുന്നതിനുള്ള വിവിധ പ്രോഗ്രാമുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ക്ലാസുകൾ നടത്തി. ഹൈസ്കൂൾ തലത്തിൽ സ്പ്രിംഗ് അപ്പ് എന്ന പേരിൽ വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും ആയി പ്രോഗ്രാം നടത്തി.

## പാത്ത് ഫൈൻഡർ

പ്ലസ് ടു വിദ്യാർത്ഥികൾക്കായി സൗജന്യ കരിയർ ഗൈഡൻസ് ശിൽപ്പശാലയ്ക്കുള്ള ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടാനുള്ള മാർഗങ്ങൾ, പ്ലസ്ടുവിന് ശേഷം വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാവുന്ന കോഴ്സുകൾ, സ്വദേശത്തും

വിദേശത്തുമുള്ള തൊഴിൽ സാധ്യതകൾ, വിവിധതരം സ്കോളർഷിപ്പുകൾ, വിദ്യാഭ്യാസ ലോൺ തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികളും രക്ഷകർത്താക്കളും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും. മരു തോങ്കര, കൂരാച്ചുണ്ട്, തിരുവമ്പാടി, പെരിന്തൽമണ്ണ, ചേവായൂർ, പുതുപ്പാടി, കോടഞ്ചേരി തുടങ്ങിയ തലങ്ങളിലാണ് ശില്പശാല നടത്തുന്നത്.

ക്രിസ്തുമസ് വെക്കേഷൻ കാലത്ത് നടന്ന സപ്തദിന എൻ എസ്എസ് ക്യാമ്പുകളിൽ എൽഡിഎസ് ട്രെയിനിങ് ടീം അംഗങ്ങൾ വിവിധ ക്ലാസുകൾക്ക് നേതൃത്വം നൽകി. മുക്കം - ഡോൺ ബോസ് കോ കോളേജ്, കോടഞ്ചേരി- ഗവൺമെന്റ് കോളേജ്, മുടക്കല്ലൂർ - MDIT കോളേജ്, തോട്ടുമുക്കം- സെന്റ് തോമസ് എച്ച്എസ്എസ്, കൂരാച്ചുണ്ട്- സെന്റ് തോമസ് എച്ച്എസ്എസ്, വേളം കോട് - സെന്റ് ജോർജ് എച്ച്എസ്എസ് തുടങ്ങിയ സ്കൂളുകളിലാണ് പ്രോഗ്രാം നടത്തിയത്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ആൻഡ് അഗ്രികൾച്ചറൽ എത്തിക്സ് (IFAE)

ധാർമിക മൂല്യങ്ങൾക്കനുസൃതമായി ഭക്ഷ്യ, കാർഷിക മേഖല കളിലെ പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി താമരശ്ശേരി രൂപത തുടങ്ങിയ സംരംഭമാണ് IFAE. www. ifaeindia.com

### കിസാൻഭാരത്:

IFAE യുടെ നേതൃത്വത്തിൽ തുടങ്ങിയ ഏറ്റവും പുതിയ സംവി ധാനമാണ് കിസാൻഭാരത് (www.kisanbharath.com) എന്ന ഓൺ ലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം.

കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വാങ്ങാനും വിൽക്കാനും ഈ വെബ് പോർട്ടലിലൂടെ സാധിക്കുന്നു. കൂടാതെ കാർഷിക പണിയായുധങ്ങൾ വാടകയ്ക്ക് എടുക്കാനും നൽകാനും കാർഷിക കാർഷികേതര ജോലികൾ കണ്ടെത്താനും നൽകാനും ഇതിലൂടെ സാധിക്കുന്നു. അതുപോലെതന്നെ ഭവന, ഭൂമി വസ്തുവകകളുടെ വാങ്ങൽ വിൽക്കൽ വാടക സംബന്ധമായ ഏതൊരു ആവശ്യങ്ങൾക്ക് വേണ്ടിയും ഈ പോർട്ടൽ പ്രയോജന പ്പെടുത്താവുന്നതാണ്.

www.kisanbharath.com, Helpline- 9946646205

## കിസാൻലൈൻ:

കർഷകർക്ക് ഏതൊരാവശ്യത്തിനും ബന്ധപ്പെടാവുന്ന ഹെൽപ്പ് ലൈൻ ടോൾഫ്രീ നമ്പർ സംവിധാനമാണ് കിസാൻലൈൻ.

**ടോൾഫ്രീ നമ്പർ: 1800425377 – www.kisanline.com**

ഡിസംബർ 2, 2024ന് തിരുവമ്പാടി പാരിഷ് ഹാളിൽ നടന്ന ചടങ്ങിൽ ഗോവ ഗവർണർ പി എസ് ശ്രീധരൻപിള്ള കിസാൻഭാരത് പോർട്ടലും കിസാൻലൈൻ ടോൾഫ്രീ നമ്പറും ലോഞ്ച് ചെയ്തു. മാർ റെമിജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. കൂടാതെ IFAE സംഘടിപ്പിച്ച ഇന്റർനാഷണൽ കോൺഫറൻസിൽ അവത രിപ്പിച്ച റിസർച്ച് പേപ്പറുകൾ സമാഹരിച്ച് ഡയറക്ടർ ഫാ. എബ്രഹാം പുളിഞ്ചുവട്ടിൽ തയ്യാറാക്കിയ Climate Change, Agriculture and Food Security എന്ന പുസ്തകത്തിന്റെ പ്രകാശനവും ഗവർണർ നിർവ ഹിച്ചു.

### കാർഷിക നഴ്സറി:

IFAE യുടെ നേതൃത്വത്തിൽ തുടങ്ങുന്ന മറ്റൊരു സംരംഭമാണ് കാർഷിക നഴ്സറി. താമരശ്ശേരി ബിഷപ്പ് ഹൗസിനോട് ചേർന്നാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

### Post Graduate Diploma in Nutritional Counselling and Diet Therapy (PDNCDT):

IFAE യുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 10, 2024 തീയതി ആരംഭിച്ച ഒരു വർഷത്തെ Post Graduate Diploma Course നല്ല രീതിയിൽ പുരോഗമിക്കുന്നു. 95 കുട്ടികൾ ഇതിൽ സംബന്ധിച്ചു കൊണ്ടിരിക്കുന്നു.

കൂടാതെ വിഷ രഹിത ഭക്ഷ്യ സംസ്കാരം പ്രോത്സാഹിപ്പിക്കുന്ന തിനായി കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ നൂറോളം ഹയർ സെക്കൻഡറി സ്കൂളുകളിൽ സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി സെമിനാറുകൾ സംഘടിപ്പിക്കുകയു ണ്ടായി.

### മദർ തെരേസ IELTS&OET ട്രെയിനിങ് സെന്റർ പുതുപ്പാടി

COD യുടെ ഒരു സംരംഭമായ മദർ തെരേസ ട്രെയിനിങ് സെന്റർ പ്രവർത്ത നം ആരംഭിച്ചിട്ട് ഒമ്പതു വർഷം പൂർത്തിയാവുകയാണ്. ഈ കാലഘട്ടത്തിൽ നൂറുകണക്കിന് വിദ്യാർഥികൾക്ക് പരിശീലനം നൽകി വിദേശരാജ്യങ്ങളിൽ ജോ ലിയും ഉന്നത പഠനവും സാധ്യമാക്കി.

OET, IELTS, GERMAN, PTE, CBT, MOH, HAAD, DHA, PROMATRIC തുടങ്ങിയ കോഴ്സുകൾക്ക് ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകൾ മിതമായ ഫീസ് നിരക്കിൽ നടത്തിവരുന്നു.

ഈ സ്ഥാപനത്തിലെ മികച്ച പഠനാന്തരീക്ഷം, പരിചയസമ്പന്നരും ഉന്നത യോഗ്യതയും ഉള്ളവരുമായ അധ്യാപകരുടെ നിസ്വാർത്ഥ സേവനം, വിദ്യാർത്ഥി കൾക്ക് നൽകുന്ന വ്യക്തിഗത പരിശീലനം, നിലവാരമുള്ള പഠനസാമഗ്രികൾ, ലാംഗ്വേജ് ലാബ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമുള്ള സുര ക്ഷിതമായ താമസ സൗകര്യം, മികച്ച ഭക്ഷണം എന്നിവ ഈ സ്ഥാപനത്തെ മ റ്റു സ്ഥാപനങ്ങളിൽ നിന്ന് വേറിട്ട് നിർത്തുന്നു.

കർണാടകയിലെ ബാംഗ്ലൂർ, മൈസൂർ, ഉടുപ്പി, മംഗലാപുരം, ഹസൻ, തു ങ്കൂർ എന്നിവിടങ്ങളിലെ കോളേജുകൾ സന്ദർശിച്ച് 50 ലേറെ നേഴ്സിങ് കോളേ ജുകളിൽ അവസാന വർഷ വിദ്യാർഥികൾക്കായി വിദേശ ജോലി സാധ്യതകൾ എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. COD ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, പി. സി. ഷിനോജ്, സന്ദീപ് കളപ്പുരക്കൽ, പ്രിൻസ് തോമസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# വികസന വേദി

## സി.ഒ.ഡി. യുടെ 35 ാം വാർഷികം

നാനാജാതി മതസ്തരുടെ സമഗ്രവികസനത്തിനായി താമരശ്ശേരി രൂപത യുടെ സോഷ്യൽ സർവീസ് സൊസൈറ്റിയായ സിഒഡി നടത്തുന്ന ജനക്ഷേമ പ്രവർത്തനങ്ങൾ മാതൃകാപരമെന്ന് ഗോവ ഗവർണർ പിഎസ് ശ്രീധരൻപിള്ള. തിരുവമ്പാടി പാരീഷ് ഹാളിൽ യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയാ യിരുന്നു അദ്ദേഹം. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. സിഒഡിയുടെ ആരംഭം മുതൽ 35 വർഷക്കാലം സേവനം ചെയ്ത പ്രോഗ്രാം കോർഡിനേറ്റർ കെ.സി ജോയിയെ ആദരിച്ചു. മോൺ. അബ്രാഹം വയലിൽ, എംഎൽഎ ലിന്റോ ജോസഫ്, കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ജോൺസൺ, ഫാ. തോമസ് നാഗപ്പറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഫാ. സായി പാറൻകുളങ്ങര സ്വാഗതവും ജോയി കെസി നന്ദിയും പറഞ്ഞു. തിരുവ മ്പാടി ടൗണിൽ വർണശബളമായ ഘോഷയാത്ര നടത്തി.

## കാർഷിക വായ്പ വിതരണം

സിഒഡിയുടെ നേതൃത്വത്തിൽ ഇടവക പഞ്ചായത്തുതലങ്ങളിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പും രൂപീകരിച്ചു കനറാ ബാങ്കുമായി സഹകരിച്ച് ജോയിന്റ് ല

യബിലിറ്റി ഗ്രൂപ്പുകൾക്കുവേണ്ടി കാർഷിക വായ്പ ക്യാമ്പ് സംഘടിപ്പിച്ചു. കനറാ ബാങ്ക് F-C-H അമൃത അരുൺ, COD സ്റ്റാഫ് എന്നിവർ നേതൃത്വം നല്കി. കുണ്ടുതോട്, പശുക്കടവ്, വിലങ്ങാട് എന്നിവിടങ്ങളിലായി 84 ജെഎൽജികൾക്ക് കാർഷിക വായ്പ വിതരണം നടത്തി.


## നബാർഡ് സി.ഒ.ഡി. പദ്ധതി അവലോകന യോഗം

നബാർഡ് അഡിഷണൽ ജനറൽ മാനേജർ (DDM) ബി. രാഗേഷ് ഓഫീസ് വിസിറ്റ് ചെയ്തു. കനറാ ബാങ്കിൽ വച്ച് നടത്തിയ മീറ്റിംഗിൽ കോഡ് ഡയറക്ടർ, കോഡ്പ്രോഗ്രാം കോഓർഡിനേറ്റർ, ബാങ്ക് മാനേജർ, ബാങ്ക് F-C-H, ജെൽജി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## പുതുപ്പാടി ഗ്രാമവികസന സമിതി

താമരശ്ശേരി രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയായ സിഒഡിയുടെ 35 -ാമത് വാർഷികാഘോഷത്തിന്റെ ഭാഗമായി പുതുപ്പാടി ജിവിഎസ് അംഗങ്ങൾ പുല്ലാഞ്ഞിമേട് യേശുഭവൻ സന്ദർശിച്ചു. അന്തേവാസികൾക്കായി വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. വസ്ത്രങ്ങൾ, ഭക്ഷ്യവസ്തുക്കൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവ വിതരണം ചെയ്തു. സെൽഫ് ഹെല്പ് ഗ്രൂപ്പുകളിൽനിന്ന് കളക്ട് ചെയ്ത സാമ്പത്തിക സഹായം നൽകി. ഏരിയ കോഡിനേറ്റർ ഡെയ്സി ജോയ്, മുൻ കോഡിനേറ്റർ ത്രേസ്യാമ്മ തോമസ് സിഒഡി ടീമംഗങ്ങളായ ആശിൻ ജോൺസൺ, അബിൻ ജോസഫ്, റിയ മനോജ് എന്നിവർ നേതൃത്വം നൽകി.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി



# യേശുനിധി

2024 നവംബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ ഇടവകയും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **Education** | | |
| 1 | Padathukadave | 15,000.00 |
| 2 | Pushpagiri | 10,000.00 |
| 3 | Pushpagiri | 15,000.00 |
| 4 | Thottumukkam | 10,000.00 |
| 5 | Thottumukkam | 10,000.00 |
| **Home** | | |
| 6 | Kakkavayal | 15,000.00 |
| 7 | Kalkundu | 15,000.00 |
| 8 | Kodanchery | 15,000.00 |
| 9 | Kondotty | 15,000.00 |
| 10 | Poothampara | 15,000.00 |
| 11 | Vilangad | 10,000.00 |
| **Marriage** | | |
| 12 | Thazhekode | 20,000.00 |
| 13 | Thottumukkam | 20,000.00 |
| **Medical** | | |
| 14 | Chakkittappara | 10,000.00 |
| 15 | Chappanthottam | 10,000.00 |
| 16 | Chappanthottam | 10,000.00 |
| 17 | Chappanthottam | 10,000.00 |
| 18 | Chathangottunada | 10,000.00 |
| 19 | Chembukadave | 8,000.00 |
| 20 | Chippilithode | 10,000.00 |
| 21 | Kalkundu | 8,000.00 |
| 22 | Kalkundu | 15,000.00 |
| 23 | Karuvarakundu | 10,000.00 |
| 24 | Manjumala | 8,000.00 |
| 25 | Manjuvayal | 10,000.00 |
| 26 | Palloor | 15,000.00 |
| 27 | Pandalloor | 15,000.00 |
| 28 | Pandalloor | 10,000.00 |
| 29 | Paropady | 10,000.00 |
| 30 | Perinthalmanna | 15,000.00 |
| 31 | Poothampara | 15,000.00 |
| 32 | Pushpagiri | 8,000.00 |
| 33 | Pushpagiri | 10,000.00 |
| 34 | Puthuppady | 10,000.00 |
| 35 | Thazhekode | 8,000.00 |
| 36 | Thottumukkam | 10,000.00 |
| 37 | Valamboor | 10,000.00 |
| | **Total** | **4,40,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## നവംബർ

28 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ പരേതയായ വടക്കേൽ മറിയത്തിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

മേരിക്കുന്ന്, എം.എസ്.ജെ. പ്രവിശ്യാഭവന കപ്പേളയിൽ ഏതാനും സന്യാസിനികളുടെ വ്രതവാഗ്ദാനത്തിന്റെ ജൂബിലിയോടനു ബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

29- 02 ദുബായിയിൽ എ.കെ.സി. ഗ്ലോബൽ കമ്മറ്റിയുടെ ആഭിമുഖ്യ ത്തിൽ നടന്ന മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളുടെ പ്രതിനിധി സമ്മേളനത്തിൽ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനോ ടൊപ്പം പങ്കെടുത്തു.

## ഡിസംബർ

2 രാവിലെ, തിരുവമ്പാടിയിൽ, ഗോവ ഗവർണർ ശ്രീ. ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്ത സി.ഒ.ഡി.യുടെ 35-ാം വാർഷികാ ഘോഷങ്ങൾക്ക് ആദ്ധ്യക്ഷം വഹിച്ചു.

വൈകുന്നേരം, കല്ലുരുട്ടി ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർ പരിശീല ന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

3 ഉച്ചകഴിഞ്ഞ്, തിരുവമ്പാടി അൽഫോൻസ കോളേജിൽ നടന്ന കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 'ടാലൻഷിയ-1' ക്വിസ് മത്സരത്തിൽ വിജയികളായ വർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

4 - 6 പി.ഒ.സി. യിൽ വെച്ച് നടന്ന കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

7 രാവിലെ, തിരുവമ്പാടി കർമ്മലീത്ത സന്യാസിനി സമൂഹത്തിന്റെ പ്രവിശ്യാഭവൻ കപ്പേളയിൽ സിനാക്സിസിൽ പങ്കെടുത്തവർക്ക് വേണ്ടി വി. കുർബ്ബാനയർപ്പിച്ചു.

പി.എം.ഒ.സി. യിൽ പോപ്പ് ബനഡിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിതർക്കായി സംഘടിപ്പിച്ച 'നൂതന സഭാപ്രബോധ നങ്ങളുടെ പഠനവും സമർപ്പിത സംഗമവും' ഉദ്ഘാടനം ചെയ്തു.

അരീക്കോട് വെച്ച് നടന്ന സഹപാഠികളുടെ സംഗമത്തിൽ പങ്കെടുത്തു.

വൈകുന്നേരം, കൂരാച്ചുണ്ട് ഫൊറോന ദൈവാലയത്തിൽ, താമരശ്ശേരി രൂപത

വൈദികനായ പരേതനായ മോൺ. ആന്റണി കൊഴുവനാലിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു.

ബാലുശ്ശേരി ഇടവകയിൽ, മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടി യായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

8 രാവിലെ, കരിയാത്തുംപാറ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, താമരശ്ശേരി രൂപതയ്ക്ക് വേണ്ടി പൗരോഹിത്യ പട്ടം സ്വീകരിക്കുന്ന മ്ശംശാനമാരായ ജോസഫ് വെളിയത്തി ന്റെയും കുര്യൻ തിട്ടയിലിന്റെയും ഭവനങ്ങൾ സന്ദർശിച്ചു.

9 വൈകുന്നേരം, മഞ്ഞക്കുന്ന് ഇടവകയിൽ, മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

10 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ സെമിനാരി പരിശീലനത്തിലായിരിക്കുന്ന വൈദികവിദ്യാർത്ഥികൾക്കായി ക്ലാസ്സ് എടുത്തു.

രൂപതാഭവനിൽ ചേർന്ന കോർഡിനേഷൻ കമ്മറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി രൂപത വൈദികനായ ബഹു. ജോസഫ് എടക്കാട്ടിലിന്റെ പരേതനായ പിതാവ് ജോസഫ് എടക്കാട്ടിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നൽകി.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ് നേരി ജനറലേറ്റിൽ ജനറാൾ, സി. ലിസേറ്റയുടെ നാമഹേതുകത്തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും ആഘോഷങ്ങളിൽ പങ്കെടുക്കു കയും ചെയ്തു.

11 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബ്ബാന അർപ്പിച്ചു.

വേനപ്പാറ ഇടവകയിൽ, പരേതയായ ലൈസമ്മ ആന്റണി മൂർത്തിയിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

ഉച്ചകഴിഞ്ഞ്, താമരശ്ശേരി രൂപത വ്യാപാരസമിതി ഭാരവാഹിക ളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

വൈകുന്നേരം, ചുണ്ടത്തുംപൊയിൽ ഇടവകയിൽ, മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

12 രാവിലെ, കൽക്കുണ്ട് ഇടവകയിൽ, ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

വൈകുന്നേരം, കരിയാത്തുംപാറ ഇടവകയിൽ, മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

13 രാവിലെ, പി.എം.ഒ.സി. യിൽ പ്രീ-കാനാ കോഴ്സിൽ പങ്കെടുത്തവർക്കായി വി. കുർബ്ബാന അർപ്പിക്കുകയും തുടർന്ന് ക്ലാസ് എടുക്കുകയും ചെയ്തു.

വൈകുന്നേരം, കോരങ്ങാട് അൽഫോൻസ സ്കൂൾ വാർഷികാ ഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

14 രാവിലെ, കോടഞ്ചേരി സെന്റ് ജോസഫ്സ് ക്ലോയിസ്റ്റേർഡ് മൊണാസ്ട്രിയിൽ കുരിശിന്റെ വി. യോഹന്നാന്റെ തിരുന്നാളിനോ ടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

രൂപതാഭവനിൽ നടന്ന എഫ്.എസ്.റ്റി. മീറ്റിങ്ങിൽ പങ്കെടുത്ത് സന്യാസിനികളെ അഭിസംബോധന ചെയ്തു.

ഉച്ചകഴിഞ്ഞ്, കുന്ദമംഗലം ഇടവക ദൈവാലയത്തിൽ, താമരശ്ശേരി രൂപത ക്രിസ്റ്റീൻ ഫാമിലി കൂട്ടായ്മയിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു.

പി.എം.ഒ.സി. യിൽ ചെറുപുഷ്പ മിഷൻലീഗും മീഡിയ കമ്മീഷനും സംയുക്തമായി നടത്തിയ 'ഫിയസ്റ്റ' കരോൾഗാന മത്സരത്തിൽ വിജയികൾക്ക് സമ്മാനം നൽകി.

താമരശ്ശേരി, ആരാധന സന്യാസിനി പ്രവിശ്യഭവനത്തിൽ സിനാക്സിസിൽ സംബന്ധിക്കുന്ന അംഗങ്ങൾക്കായി ക്ലാസ് എടുത്തു.

വൈകുന്നേരം, താമരശ്ശേരി രൂപത വിശ്വാസപരിശീലനത്തിന്റെ രൂപതാ കേന്ദ്ര സമിതിയുടെ ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു.

15 മുതുകാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, പൂഴിത്തോട് ഇടവകയിൽ, താമരശ്ശേരി രൂപതയ്ക്കുവേണ്ടി പൗരോഹിത്യ പട്ടം സ്വീകരിക്കുന്ന ഡീ. ജോസഫ് പന്തപ്ലാക്കലിന്റെ ഭവനം സന്ദർശിച്ചു.

കല്ലാനോട് ഇടവകയിൽ, താമരശ്ശേരി രൂപതയ്ക്കുവേണ്ടി പൗരോഹിത്യ പട്ടം സ്വീകരിക്കുന്ന ഡീ. ജിയോ കടുകന്മാക്ക ലിന്റെ ഭവനം സന്ദർശിച്ചു.

17 രാവിലെ, ഈങ്ങാപ്പുഴ, പ്രസന്റേഷൻ സന്യാസിനി ഭവന കപ്പേളയിൽ കുർബ്ബാനയർപ്പിക്കുകയും അർത്ഥിനികൾക്കായി ക്ലാസ്സെടുക്കുകയും ചെയ്തു.

രൂപതാഭവനിൽ ചേർന്ന രൂപത റൂബി ജൂബിലി കമ്മറ്റി സമ്മേള നത്തിൽ പങ്കെടുത്തു.

18 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബ്ബാന യർപ്പിച്ചു.

താമരശ്ശേരി കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിക്ക് കീഴിലുള്ള സ്കൂളുകളിലെ പ്രധാനദ്ധ്യാപകരുടെ മീറ്റിങ്ങിൽ സംബന്ധിച്ചു.

താമരശ്ശേരി രൂപത വ്യാപാരസമിതി ഭാരവാഹികളുടെ സമ്മേളന ത്തിൽ പങ്കെടുത്തു.

വൈകുന്നേരം, താമരശ്ശേരി രൂപത വൈദികനായ പരേതനായ ഫാ. എഫ്രേം പൊട്ടനാനിക്കൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോർജ്ജ് വലിയമറ്റം പിതാവിനോടൊപ്പം നേതൃത്വം നൽകി.

ചിപ്പിലിത്തോട് ഇടവകയിൽ, മതാദ്ധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ 'പവർ സെല്ലിൽ' ക്ലാസ് എടുത്തു.

19 കുളത്തുവയൽ എം.എസ്.എം.ഐ. ജനറലേറ്റിൽ വി. കുർബ്ബാന അർപ്പിക്കുകയും നിത്യാരാധാന ചാപ്പൽ വെഞ്ചരിക്കുകയും ചെയ്തു.

രൂപതാഭവനിൽ നടന്ന വൈദികരുടെ ക്രസിതുമസ് സമ്മേളന ത്തിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, കോഴിക്കോട് ദീപികയിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നേരം, മേരിക്കുന്നിൽ ആരംഭിച്ച കോഴിക്കോട് രൂപതയുടെ പുതിയ സംരംഭമായ 'ഹോം ഓഫ് ഹോപ്പ്' പെയിൻ ആൻഡ് പാലിയേറ്റീവ് സ്ഥാപനത്തിന്റെ ഉദ്ഘാടന സമ്മേളന ത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

മേരിക്കുന്ന്, കരുണാഭവനിലെ അന്തേവാസികളോടൊപ്പം ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

ചേവരമ്പലം സ്റ്റാർട്ടിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കുകയും പുതുതായി നിർമ്മിച്ച പരി. അമ്മയുടെ ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു.

20 രാവിലെ, പൂളക്കടവ്, തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ സിനാക്സിസിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി അൽഫോൻസ കോളേജിലെ ക്രിസ്തുമസ് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, വിലങ്ങാട് ഉരുൾപൊട്ടലിൽ വീടുകൾ നഷ്ടപ്പെട്ട വർക്ക് കെ.സി.ബി.സി. പണിതുനൽകുന്ന ഭവനങ്ങളുടെ തറക്കല്ലിടൽ നിർവ്വഹിച്ച കെ.സി.ബി.സി. പ്രസിഡന്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കത്തോലിക്ക ബാവയോടും അഭിവന്ദ്യ വർഗ്ഗീസ് ചക്കാലക്കൽ പിതാവിനോടും അഭിവന്ദ്യ അലക്സ് വടക്കുംതല പിതാവിനോടുമൊപ്പം ചടങ്ങുകളിൽ പങ്കെടുത്തു.

അൽഫോൻസ മൈനർ സെമിനാരിയിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കുകയും വിവിധ മത്സരങ്ങളിൽ സമ്മാനർഹരായ വൈദിക വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തു.

21 രാവിലെ, ചേവായൂർ നിത്യസഹായ മാതാ ഇടവകയിൽ നവീകരിച്ച ദൈവാലയം പുനർകൂദാശ ചെയ്ത് വി. കുർബ്ബാന അർപ്പിച്ചു.

കെരിഗ്മ സ്ട്രീറ്റ് മിനിസ്ട്രിയുടെ ക്രിസ്തുമസ് കരോൾ രൂപതാഭവനിൽ വെച്ച് ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ, പരേതരായ പുളിക്കേക്കര മാത്യു, അന്നമ്മ മാത്യു ദമ്പതികളുടെ ഓർമ്മ ദിനത്തിൽ വി. കുർബ്ബാനയർപ്പിക്കുകയും സെമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

രൂപതാഭവനിൽ ശുശ്രൂഷ ചെയ്യുന്ന അംഗങ്ങളുടെ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

വൈകുന്നേരം, മേരിക്കുന്ന് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

22 വള്ളിയാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി

വൈകുന്നേരം, താമരശ്ശേരി രൂപത പ്രവാസി അപ്പസ്തോലേ റ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രഥമ പ്രവാസി സംഗമം രൂപതാ ഭവനിൽ ഉദ്ഘാടനം ചെയ്തു.

അൽഫോൻസ മൈനർ സെമിനാരിയിൽ, താമരശ്ശേരി രൂപതയ് ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ മീറ്റിങ്ങിൽ സംബന്ധിച്ചു.

23 രാവിലെ, അൽഫോൻസ മൈനർ സെമിനാരിയിൽ താമരശ്ശേരി രൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദികവിദ്യാർത്ഥികൾക്കുവേണ്ടി വി. കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, കോരങ്ങാട് ഹയർസെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നന്മ കോരങ്ങാടിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 13-ാമത് ബിഷപ് മങ്കുഴിക്കരി മെമ്മോറിയൽ ഫുട്ബോൾ ടൂർണ്ണമെന്റ് ഉദ്ഘാടനം ചെയ്തു.

24 ഉച്ചകഴിഞ്ഞ്, കട്ടിപ്പാറ ഇടവകയിൽ പരേതനായ ലൂക്ക നാലൊന്നുകാട്ടിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

25 താമരശ്ശേരി കത്തീഡ്രലിൽ ക്രിസ്തുമസ് പാതിരാകുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം, കട്ടാങ്കൽ മലബാർ ഡയോസിസ് ഓഫ് മലങ്കര സിറിയൻ ചർച്ച് ബിഷപ്സ് ഹൗസിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ അഭിവന്ദ്യ പിതാക്കന്മരോടൊപ്പം പങ്കെടുത്തു.

26 രാവിലെ, കല്ലാനോട് ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന ജിയോ കടുകമ്മാ ക്കലിന് പൗരോഹിത്യപട്ടം നല്കി.


ഉച്ചയ്ക്ക്, നിര്യാതനായ മലയാള സാഹിത്യ കുലപതി എം.ടി. വാസുദേവൻ നായരുടെ ഭവനത്തിൽ ചെന്ന് ആദരാഞ്ജലികൾ അർപ്പിച്ചു.

27 രാവിലെ, കരിയാത്തുപാറ ഇടവകയിൽ താമരശ്ശേരി രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിക്കുന്ന മ്ശംശാന കുര്യൻ വെളിയ ത്തിനും മ്ശംശാന ജേക്കബ് തിട്ടയിലിനും പൗരോഹിത്യപട്ടം നല്കി.

ഉച്ചകഴിഞ്ഞ്, കോരങ്ങാട് അൽഫോൻസ സ്കൂളിൽ താമരശ്ശേരി രൂപത കെ.സി.വൈ.എം. – എസ്.എം.വൈ.എം. സംഘടിപ്പിച്ച 'നസ്രാണി യുവശക്തി' – നസ്രാണി സംഗമം ഉദ്ഘാടനം ചെയ്തു.

28 രാവിലെ, പാലാ രൂപതയിലെ പാളയം ഇടവകയിൽ താമരശ്ശേരി രൂപത വൈദികൻ ബഹു. മാത്യു പുള്ളോലിക്കലിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

---





# ENCYCLICAL LETTER
## *DILEXIT NOS*



31. In the end, that Sacred Heart is the unifying principle of all reality, since "Christ is the heart of the world, and the paschal mystery of his death and resurrection is the centre of history, which, because of him, is a history of salvation". [25] All creatures "are moving forward with us and through us towards a common point of arrival, which is God, in that transcendent fullness where the risen Christ embraces and illumines all things". [26] In the presence of the heart of Christ, I once more ask the Lord to have mercy on this suffering world in which he chose to dwell as one of us. May he pour out the treasures of his light and love, so that our world, which presses forward despite wars, socio-economic disparities and uses of technology that threaten our humanity, may regain the most important and necessary thing of all: its heart.

32. The heart of Christ, as the symbol of the deepest and most personal source of his love for us, is the very core of the initial preaching of the Gospel. It stands at the origin of our faith, as the wellspring that refreshes and enlivens our Christian beliefs.

33. Christ showed the depth of his love for us not by lengthy explanations but by concrete actions. By examining his interactions with others, we can come to realize how he treats each one of us, even though at times this may be difficult to see. Let us now turn to the place where our faith can encounter this truth: the word of God.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 30-12-2024 |




വി. സെബസ്ത്യാനോസെ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ


Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 27, Issue 01, January 2025, Pages 78.